

SEPTEMBER 2014

# ഫോർച്യൂൺ

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്...

VOL. 1 ISSUE 3





# പിതൃമൊഴികൾ

പ്രായം ചെന്ന പാവങ്ങളായ രണ്ടു സ്ത്രീകൾ സംസാരിക്കുകയായിരുന്നു. അതിലൊരാൾ തന്റെ ദുഃഖങ്ങളും വേദനകളും ആവശ്യങ്ങളുമെല്ലാം പങ്കുവയ്ക്കുകയായിരുന്നു. മറ്റേ സ്ത്രീ അതെല്ലാം വളരെ താല്പര്യത്തോടെ ശ്രദ്ധിച്ചുകേട്ടു. ഹൃദയം കൊണ്ടാണ് അവൾ ശ്രദ്ധിച്ചത്. ചിലപ്പോഴെല്ലാം വായ് തുറന്നുപിടിച്ചുകൊണ്ട് അതെ, അതെ എന്ന് തലയാട്ടിക്കൊണ്ടിരുന്നു. അവർക്ക് ആ സ്ത്രീയ്ക്കുവേണ്ടി എന്തെങ്കിലും കൊടുക്കാനോ എന്തെങ്കിലും ചെയ്യുവാനോ സാധിച്ചില്ലെങ്കിലും അവൾ തന്റെ ഹൃദയം നൽകി, താല്പര്യത്തോടെ ശ്രദ്ധിക്കുക മാത്രം ചെയ്തു. നമ്മൾ ഒത്തിരി പ്രവർത്തനങ്ങൾ ചെയ്യുന്നുവെങ്കിലും, അതിലെല്ലാം കൂടുതലായി ഉപവി പ്രവർത്തിച്ചത് ആ സ്ത്രീയാണ്. ഇപ്രകാരമുള്ള ഉപവിയാണ് നാം വളർത്തിയെടുക്കേണ്ടത്. ഒരു കാര്യം നമുക്ക് ബോധ്യമുണ്ടായിരിക്കണം. നാം ചെയ്യുന്ന നന്മ പ്രവൃത്തികളുടെ എണ്ണത്തിനല്ല മൂല്യം, നാം ഏതു വിധത്തിലാണ് ചെയ്യുന്നത് എന്നതിനാണ് പ്രാധാന്യം.


CHIEF EDITOR
**Sr. Vimala George**

ASSOCIATE EDITOR
**Sr. Reena Maria**

EDITOR
**Sr. Moncy Francis**

EDITORIAL BOARD
**Sr. Litty Xavier**
**Sr. Shiny Anna James**
**Sr. Nirmala Kuriakose**
**Sr. Rosy Joseph**
**Sr. Cicy Manuel**
**Sr. Lilly Treesa**
**Sr. Alphy Sebastian**

Private Circulation Only



SEPTEMBER 2014 VOL. 1 ISSUE 3

# ഫോർച്യൂൺ

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്...



Sisters of Charity of St. John of God
P.B. No. 2, Kattappana South P.O., Idukki - 685515, Kerala
Tel : 04868 272744, E-mail : generalatekpna@gmail.com
www.scjg.in

# എഡിറ്റോറിയൽ



സി. വിമല ജി



കൂടുതൽ അരക്ഷിതമാവുകയാണ് ലോകം. ക്രിയാത്മകതയും ജീവനും നൽകേണ്ട ശാസ്ത്ര സാങ്കേതിക വിജ്ഞാനം ആരൊക്കെയോ പാപകരമായി ഉപയോഗിക്കുന്നതിന്റെ അസ്വസ്ഥതകൾ ലോകസന്തോഷത്തെ ഇന്ന് നല്ല അളവിൽ ഒരു വശത്തുനിന്നും നശിപ്പിച്ചു വരികയാണ്. പശ്ചിമേഷ്യയുടെയും ഇറാക്കിന്റെയും ഭൂതലത്തിൽ അരങ്ങേറിയ യുദ്ധങ്ങളും മതമർദ്ദനങ്ങളും അഭ്യസ്ത വിദ്യമായ മനുഷ്യയുക്തിക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകൾ മറ്റൊരു വശത്തുനിന്ന് ഉയർത്തിവിടുന്നു. ഇത്തിരിപോന്ന 'എബോള' വൈറസുകൾ ആഫ്രിക്കൻ രാജ്യങ്ങളിൽ മനുഷ്യന്റ ശക്തിയെ ഭയാനകമ്മാംവിധം വേറൊരു വിധത്തിൽ ദുർബ്ബലപ്പെടുത്തുന്നു. പ്രകൃതിക്ഷോഭങ്ങളുടെയും പീഡനങ്ങളുടെയും മുമ്പിൽ തന്നിൽത്തന്നെ ആശ്രയം വയ്ക്കുന്ന മനുഷ്യന് ഇവിടെയെല്ലാം പകച്ചു നിൽക്കാനും നിരാശ പുൽകാനുമല്ലാതെ മറ്റൊന്നിനുമാവില്ല.

ജീവിതത്തിന്റെ ചെറുതും വലുതുമായ അസ്വസ്ഥതകളുടെ മുമ്പിൽ പ്രായോഗികമായ ഉത്തരം നിർദ്ദേശിച്ച ഒരു ബുദ്ധിശാലിനിയുടെ ജനനത്തിരുനാൾ സെപ്റ്റംബർ 8-ന് നാം ആഘോഷിക്കുകയാണ്. അവതരിച്ച ദൈവവചനത്തിന്റെ മാതാവാകുവാൻ ദൈവം തിരഞ്ഞെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെ ജന്മദിനം. അവളുടെ ബുദ്ധിയും വിവേകവും തലമുറകൾ പ്രകീർത്തിച്ചുവരുന്നു. വി. ജോൺ പോൾ രണ്ടാമൻ പാപ്പ റഷ്യയെ അവളുടെ സൂക്ഷത്തിന് ഭരമേൽപ്പിച്ചതും അതുകൊണ്ടു തന്നെ. റഷ്യയുടെ മാനസാന്തരവും സമാധാന പുനഃസ്ഥാപനവും അത്ഭുതകരമാം വിധം വിശ്വം ദർശിച്ചു. പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗം കണ്ടെത്താൻ തന്റെ പുത്രനായ ഈശോയെ നിർബന്ധിക്കുന്ന യഥാർത്ഥ അമ്മയാണ് പരിശുദ്ധ കന്യകാമറിയം. ആ അമ്മയുടെ പ്രാർത്ഥന എന്നും ഒന്നു തന്നെ: മകനേ, അവർക്ക് വീഞ്ഞ് ഇല്ല (യോഹ. 2:3). അപ്പോഴുള്ള ഈശോയുടെ മറുപടി പ്രവൃത്തിപഥത്തിലെത്തിക്കാനായാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുക മാത്രമല്ല, മുൻപൊന്നുമില്ലാത്തവിധം ജീവിതം 'ലഹരി'യാക്കാൻ നമുക്ക് സാധിക്കുമെന്ന് അമ്മ ഉറപ്പുതരുകയും ചെയ്യുന്നു. ഈ ഉറപ്പ് വി. ജോൺ ഓഫ് ഗോഡിന്റെയും ബ്രദർ ഫോർത്തുനാത്തൂസിന്റെയും ജീവിത വിജയരഹസ്യമായിരുന്നു. കുറവുകളിൽ കരയരുത് എന്ന് പറഞ്ഞ ഈ 'കാനാ' സാന്നിദ്ധ്യം, സഹനങ്ങളിൽ പതറരുത് എന്നു മന്ത്രിച്ച 'കാൽവരി' യിലെ കരുത്തുള്ള സാന്നിദ്ധ്യം നമ്മുടെയും ജീവിതത്തിന് ഉത്ഥാനഭാഗ്യം പകർന്നേകട്ടെ. മാതാവിന്റെ ജനനത്തിരുനാളിന്റെ മംഗളങ്ങൾ സന്തോഷപൂർവ്വം നേരുന്നു. ഒപ്പം ഓണാശംസകളും.

# കൃപനിറഞ്ഞവൾ അമ്മ

**ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ**

പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാളിന് പ്രാർത്ഥനാപൂർവ്വം ഒരുങ്ങുകയാണ് നമ്മൾ. ഏറ്റം അനുഗൃഹീതയായവളാണ് പരിശുദ്ധഅമ്മ. കാരണം എന്താണ്? അമ്മ കൃപനിറഞ്ഞവളായിരുന്നു എന്നത് തന്നെ.

ഗബ്രിയേൽ മാലാഖ ദൈവനിയോഗത്താൽ മറിയത്തിന്റെ അടുക്കലേയ്ക്ക് അയക്കപ്പെട്ടു. അവൻ മറിയത്തിന് അഭിവാദനം അർപ്പിച്ചു. "കൃപ നിറഞ്ഞവളേ നിനക്ക് സമാധാനം" (ലൂക്ക. 1:28). പാലസ്തീനിയൻ പശ്ചാത്തലത്തിൽ, കാണുമ്പോൾ സമാധാനം ആശംസിക്കുന്ന പതിവുണ്ട്. കർത്താവിന്റെ ദൂതൻ ആശംസിച്ചത് സെമിറ്റിക് രീതിയിലുള്ള സമാധാനം തന്നെയാണ്; ആശംസയല്ല. കൂടാതെ മംഗളവാർത്ത മറിയത്തെ പരിഭവപ്പെടുത്താതിരിക്കാനും ഈ സമാധാന ആശംസ നൽകിയിരിക്കാം. കൃപനിറഞ്ഞവളേ എന്ന മാലാഖയുടെ വാക്കുകൾ അഭിസംബോധനയേക്കാളുപരി രക്ഷാകര സംഭവ പ്രഘോഷണമാണ്.

സ്വർഗ്ഗീയ ദൂതൻ വഴി ദൈവം തന്റെ രക്ഷാകര പദ്ധതിയുടെ ആഗ്രഹത്തെയാണ് മറിയത്തോട് പറയുക. ഈ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന് ദൈവം തന്റെ കൃപയെ (ഈശോയെ) മറിയത്തിൽ നിവസിപ്പിച്ചു. ഈശോയുടെ ജനനത്തിന്റെ ലക്ഷ്യത്തെക്കുറിച്ചു നർസ്സേ പറയുന്നതിപ്രകാരമാണ്: "തെറ്റിനെ വേരോടെ പിഴുതുകളയാനും ആശയറ്റവർക്ക് പ്രതീക്ഷ നൽകാനും മാംസത്തിന്റെ ദേശത്ത് അവൻ തന്റെ ഇച്ഛയെ വിതച്ചു. പറുദീസയിൽ വച്ച് ചുമത്തപ്പെട്ട ശിക്ഷാവിധിയുടെ കെട്ടുകൾ അഴിക്കുവാനും ഹവ്വയുടെ കാതുകളിൽ സാത്താൻ വിതച്ച പാപത്തിന്റെ കയ്പ്പ് കഴുകിക്കളയുവാനും അവിടുന്ന് പരിശുദ്ധയായവൾക്ക് കൃപ നൽകി. ആത്മാവിന്റെ ശക്തിയാൽ നിന്റെ ഉദരത്തിൽ ഒരു ആലയത്തെ നിർമ്മിക്കുവാൻ അവൻ മനസ്സായി" ഈ രക്ഷാകരപദ്ധതിക്ക് സാഹചര്യം ഒരുങ്ങിയത് പരിശുദ്ധ അമ്മയിലാണ്. മറിയത്തെ പാപമാലിന്യമേശാത്തവളും കൃപയാൽ നിറഞ്ഞവളുമായി ദൈവം ഒരുക്കിയത് ഇക്കാരണത്താലാണ്.

അനേകായിരം സ്ത്രീജനങ്ങൾക്കിടയിൽ നിന്നും മറിയത്തെ ദൈവം തിരഞ്ഞെടുത്തത് അവിടുന്ന് മറിയത്തിൽ സംപ്രീതനായതുകൊണ്ടാണ്. ഈ സംപ്രീതിക്ക് മറിയം താഴ്മയോടെ സമ്മതം നൽകി. ഇപ്രകാരം



ദൈവഹിതത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തുന്നതുകൊണ്ടാണ് കൃപ നിറഞ്ഞവളെയെന്ന് മാലാഖ മറിയത്തെ വിളിക്കുക.

ദൈവം മനുഷ്യകുലത്തിന് നൽകിയ കൃപയാണ് ഈശോ (റോമ 8:32). ഈ കൃപ മനുഷ്യനായി അവതരിച്ചതാണ് മനുഷ്യകുലത്തിന് ലഭിച്ച ഏറ്റവും വലിയ ദാനം. ഈ ദാനകർമ്മം മറിയത്തിലൂടെയാണ് ലോകത്തിന് നൽകപ്പെട്ടത്. ദൈവം തന്റെ മക്കൾക്ക് ഈ കൃപയെ ദാനമായി നൽകിയതുകൊണ്ടാവാം പരിശുദ്ധ അമ്മ 'ഇതാ കർത്താവിന്റെ ദാസി' (ലൂക്ക 1:38). എന്ന ഏറ്റവും വിനീതമായ പ്രത്യുത്തരത്തോടെ കൃപയെ ഏറ്റുവാങ്ങാനുള്ള സന്നദ്ധത അറിയിച്ചത്. അതേകാരണത്താലാണ് "കർത്താവ് നിന്നോടുകൂടെ" (ലൂക്കാ 1:28) എന്ന് മാലാഖ തുടർന്ന് പറഞ്ഞത്. ദൈവഹിതത്തെ ഏറ്റുവാങ്ങിയതുകൊണ്ട് കൃപയായ ഈശോ നിന്നോടുകൂടെ എന്നാണ് മാലാഖ പറഞ്ഞതിന്റെ ചുരുക്കം.

പുതിയനിയമത്തിലുടനീളം ക്രിസ്തുവിലൂടെ പൂർത്തിയാക്കപ്പെട്ട പിതാവിന്റെ അഭീഷ്ടത്തെയാണ് കൃപയെന്നുള്ളതുകൊണ്ട് വിവക്ഷിക്കുക. ചുരുക്കത്തിൽ രക്ഷാകർമ്മങ്ങളുടെ ആകെത്തുകയാണ് കൃപ. ക്രിസ്തു എന്ന വ്യക്തി ദൈവപിതാവിന്റെ കൃപയായി തീരുന്നത് പിതാവ് തന്നെ ഏൽപ്പിച്ച രക്ഷാകരദൗത്യങ്ങൾ പൂർത്തിയാക്കുന്നതിലൂടെയാണ്. ഈശോയിലൂടെയാണ് ദൈവത്തിന്റെ സ്നേഹവും കരുണയും മനുഷ്യനി

ലേക്ക് ഒഴുകിയെത്തിയത്. തന്റെ പക്കലേക്ക് വന്നവർക്കെല്ലാം സ്നേഹത്തിന്റെ തൈലവും കരുണയുടെ തണലും ഈശോ നൽകിയത് ദൈവത്തിന്റെ കൃപ പങ്കുവയ്ക്കുന്നതിന്റെ അടയാളമായിരുന്നു. ഈശോയെ സ്വീകരിച്ച് കൃപനിറഞ്ഞവളായി തീർന്നപ്പോൾ പരിശുദ്ധ അമ്മ തന്റെ ഇളയമ്മയായ ഏലീശ്ബാക്ക് ശുശ്രൂഷ ചെയ്യുവാൻ ഇറങ്ങിപ്പുറപ്പെട്ടു. ഇത് ഈശോയുടെ ചൈതന്യത്തിൽ മറിയം ജീവിതമാരംഭിച്ചതിന്റെ സൂചനയും കൃപയാൽ നിറയുന്നതിന്റെ തെളിവുമാണ്.

കൃപയുടെ ദൃശ്യരൂപത്തെ പിറവിയുടെ തുറമുഖത്തെത്തിക്കുന്നതുവരെ ദൈവം ഭരമേൽപ്പിച്ച നിധിയെ ശരീരത്തിന്റെ കോട്ടയിൽ മറിയം സംരക്ഷിച്ചു. ശിഷ്ട ജീവിതത്തിൽ പരിശുദ്ധ അമ്മയുടെ വാക്കുകളും സാന്നിധ്യവും കൃപയുടെ ആഘോഷങ്ങളായിരുന്നു. അത് മറ്റുള്ളവർക്ക് പരിശുദ്ധാത്മാവിന്റെ കൃപയും സന്തോഷത്തിന്റെ ആരവങ്ങളും സമ്മാനിച്ചു (ലൂക്ക 1:41). മറിയത്തിന്റെ ദൈവകൃപ മറ്റുള്ളവരിലേക്ക് പകർന്നു നൽകപ്പെട്ടുകൊണ്ടിരുന്നു. "ഇതാ നിന്റെ അഭിവാദന സ്വരം എന്റെ ചെവികളിൽ പതിഞ്ഞപ്പോൾ ശിശു എന്റെ ഉദരത്തിൽ കുതിച്ചുചാടി" (ലൂക്കാ 1:44). എന്ന് ഏലീശ്ബാ പ്രഘോഷിക്കുന്നത് ഇതിന്റെ മകുടോദ്ദാഹരണമാണ്.

മുപ്പത് വയസുവരെയുള്ള ഈശോയുടെ ജീവിത കാലത്തും മൂന്ന് വർഷം നീണ്ട പരസ്യജീവിതകാലത്തും മനസ്സിലേറ്റ അപമാനത്തിന്റെ മുറിവുകളെ സമാധാനത്തിന്റെ തൈലം കൊണ്ട് സുഖമാക്കി മുന്നേറാൻ പരിശുദ്ധ അമ്മയ്ക്ക് സാധിച്ചത് കൃപയുടെ സാന്നിധ്യം കൊണ്ടായിരുന്നു. ദൈവപ്രീതിയുടെ പൂർത്തീകരണത്തിന് ചേതനയറ്റ മകന്റെ ശരീരം മടിയിൽ ഏറ്റുവാങ്ങിയപ്പോഴും മണ്ണിന് മടക്കി കൊടുത്തപ്പോഴും ഇതേ കൃപയിലാണ് പരിശുദ്ധ അമ്മ ശരണപ്പെട്ടത്. ഉത്ഥാനാന്തരം ശിഷ്യരെ ധൈര്യപ്പെടുത്തി ആത്മാവിന്റെ നിറവിലേയ്ക്ക് നയിക്കാനായതും മരണത്തിന്റെ മറകൂടാതെ ദൈവകുമാരന്റെ മാതാവ് സ്വർഗ്ഗാരോപിതയാക്കപ്പെട്ടതും ഈശോയെന്ന കൃപയിൽത്തന്നെയാണ്.

പരിശുദ്ധ അമ്മ അനുഗ്രഹീതയും കൃപനിറഞ്ഞവളുമാകുന്നത് തന്നിൽ തന്നെയല്ല, മറിച്ച് ഈശോയെ സ്വീകരിക്കുന്നതിലൂടെയും മറിയത്തിന്റെ ജീവിതത്തിലെ ഈശോയുടെ നിറഞ്ഞ സാന്നിദ്ധ്യത്തിലൂടെയും ആണ്. ഉണ്ണീശോയോടു കൂടിയ മാതാവിന്റെ ചിത്രങ്ങളും രൂപങ്ങളും അതാണ് നമ്മളെ ഓർമ്മപ്പെടുത്തുക.

• • • • •

# സുവിശേഷഭാഗ്യങ്ങൾ

സി. ഷൈനി

ഈശോ തന്റെ ശിഷ്യർക്ക് അഷ്ടസൗഭാഗ്യങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. (മത്താ. 5:3.12). ഈ സൗഭാഗ്യങ്ങൾ സ്വന്തമാക്കിയാൽ പിന്നെ ഒരിക്കലും ക്രിസ്തു ശിഷ്യൻ ദുർഭഗനല്ല. ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിജിക്ക് അഷ്ടസൗഭാഗ്യങ്ങളുടെ പൊരുൾ കണ്ടെത്താൻ സാധിച്ചിരുന്നു. കോളിൻ ഇവാൻസ് എന്ന യൂറോപ്യൻ ലേഖിക 'എ ന്യൂ ജോയ് ' എന്ന പുസ്തകത്തിൽ ഈ സൗഭാഗ്യങ്ങൾ ഏതെന്ന് വിവരിക്കുന്നുണ്ട്. യഥാർത്ഥ സൗഭാഗ്യം തേടുന്നവർക്ക് ഈ ചിന്തകൾ സഹായകമാകട്ടെ.


**ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്.**

രോഗങ്ങളും ദു:ഖങ്ങളും തന്റെ വാക്കുകൊണ്ടും അത്ഭുതപ്രവർത്തനങ്ങൾ കൊണ്ടും മാറ്റിയ ഈശോ അർത്ഥമാക്കിയ ദാരിദ്ര്യം ഭൗതീക ദാരിദ്ര്യത്തിലുപരിയായ ഒന്നാണ്. ഈശോയെക്കൂടാതെ ഞാൻ ഒന്നുമല്ല എന്ന നിസ്സഹായാവസ്ഥയാണ് ഈ ദാരിദ്ര്യം; ഞാൻ എന്നിൽ തന്നെ ഒന്നുമല്ല എന്ന ചിന്ത. അവർക്ക് നഷ്ടപ്പെടുവാൻ ഒന്നുമില്ല. സമ്പത്തിന്റെ ബലമോ, സ്ഥാനമാനങ്ങളോ, അഭിമാനമോ ഒന്നും. ഇന്നലകളെപ്പറ്റി നിരാശയോ നാളയെപ്പറ്റി ആകുലതയോ കാത്തുസൂക്ഷിക്കാത്തവർക്ക് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ സ്വാദ് അറിയാനാവും. ആവശ്യമുള്ളവ അനുദിനം തരുന്ന ദൈവത്തിൽ വിശ്വസിക്കാനാവുന്ന അവസ്ഥ.

ജീവിതത്തിൽ എല്ലാമുണ്ടെങ്കിലും ശൂന്യത അനുഭവിക്കുന്നവരെ നാം കണ്ടുമുട്ടാറുണ്ട്. തന്നിൽതന്നെ അതിരുകടന്ന് ആശ്രയിക്കുന്നതിന്റെ പാർശ്വഫലമാണിത്. എളിമയാണ് ദാരിദ്ര്യമെന്ന യാഥാർത്ഥ്യത്തിന്റെ ക്രിയാത്മകരൂപം. എളിമയുള്ളവർക്ക് ദൈവത്തിന്റെയും മനുഷ്യരുടേയും സഹായം യാചിക്കാനാകും. വെട്ടിവിട്ടാൽ ഭൂമിയോട് ചേർന്നു നിൽക്കുന്ന പുല്ലുകൾ തഴച്ചുവളരും; എന്നാൽ ഒറ്റത്തടിയായ തെങ്ങിനതാവില്ല. അഹങ്കാരം ദൈവത്തോടുപോലും 'നോ താങ്ക്സ്' പറയുന്നു. എളിമ നഷ്ടപ്പെട്ടവർക്ക് മറ്റുള്ളവരെ വിമർശിക്കാൻ പ്രയാസമില്ല. ആത്മാവിൽ ദരിദ്രരായവർക്ക് അപരനെപ്പറ്റി താഴ്ത്തിചിന്തിക്കുവാൻ കഴിയില്ല. മറ്റുള്ളവരെ സമ്പന്നരും ശ്രേഷ്ഠരുമായി കാണാനാവുന്ന വിശാലഹൃദയരായ ദരിദ്രരാണ് ഏറ്റവും വലിയ സമ്പന്നർ; സൗഭാഗ്യവാൻമാർ. മറ്റുള്ളവർക്ക് പങ്കിടുവാൻ തങ്ങളുടെ ഇല്ലായ്മയിലും അവർ വെമ്പുന്നു. വിധവ നല്കുന്ന രണ്ടുചെമ്പുതുട്ടുകൾ പോലെ അത് ദൈവത്തിനിഷ്ടപ്പെട്ട സ്വർഗ്ഗീയനിക്ഷേപമത്രേ.

തുടരും.....





**ബ്രദർ വിനോദ് കുന്നപ്പള്ളി**
*ഭദ്രാവതി രൂപത.*

# കേരളസൂനങ്ങൾ വിശുദ്ധപദവിയിലേക്ക്

## ■വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചൻ

പകലോമറ്റം കുടുംബത്തിന്റെ ഉപശാഖയായ ചാവറ കുടുംബത്തിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും ഏറ്റവും ഇളയമകനായി പിറന്ന കുര്യാക്കോസ് ഏലിയാസച്ചന്റെ ജന്മദേശം ചേന്നങ്കരിയാണ്. തികഞ്ഞ മരിയ ഭക്തയായ അമ്മ കുഞ്ഞുമകനെ അമലോത്ഭവമാതാവിനു സമർപ്പിച്ചു. സമകാലീനരായ മറ്റുകുട്ടികളിൽ നിന്നും കുര്യാക്കോസിനെ വ്യത്യസ്ഥനാക്കിയിരുന്നത് ജീവിത നൈർമല്യവും പുണ്യവും അഗാധബുദ്ധിയും വാക്ചാതുര്യവും വിശുദ്ധിയുമാണ്. ചെറുപ്പത്തിലെ വൈദികനാകണമെന്നുള്ള ആഗ്രഹം കുര്യാക്കോസിൽ അങ്കുരിച്ചു. രണ്ടു മണിക്കൂർ നടന്ന് പള്ളിയിൽപോയി ദിവ്യബലിയിൽ പങ്കുകൊണ്ടിരുന്നു. സുറിയാനിപദങ്ങൾമന:പാഠമാക്കി ശുശ്രൂഷിയാകാൻ തിടുക്കം കാട്ടിയിരുന്നു. ബന്ധുവായ പാലക്കൽ തോമാമല്പാനച്ചനാണ് കുര്യാക്കോസിനെ വീട്ടുകാരുടെ എതിർപ്പിൽ നിന്നും അകറ്റി സെമിനാരിയിലെത്തിച്ചത്. എളിമയിലും കീഴ്‌വഴക്കത്തിലും സഹോദരസ്നേഹത്തിലും സേവനത്തിലും ദൈവഭക്തിയിലും അദ്ദേഹം സെമിനാരിയിൽ ഏവർക്കും മാതൃകയായി. ഏറെ കർശനമായ ശിക്ഷണരീതി നിലനിന്നിരുന്ന പള്ളിപ്പുറത്തെ ആ പുതിയ സെമിനാരിയിൽ കുര്യാക്കോസിനെക്കുറ്റപ്പെടുത്തുവാൻ ആർക്കും ഒന്നുമുണ്ടായിരുന്നില്ല. നല്ലവണ്ണം പഠിച്ചിരുന്നതിനാൽ പോർട്ടുഗീസും ലത്തീനും പഠിക്കാൻ അയച്ചു. ലോകവിചാരം കൂടാതെ ഏകാഗ്രമായി പഠിക്കുവാൻ കഴിഞ്ഞ കുര്യാക്കോസിൽ ചെറുപ്പക്കാർക്ക് സഹജമായിരുന്ന മുൻശുണ്ഠിയും പിണക്കവുമൊന്നും കാണാൻ കഴിഞ്ഞില്ല.

എന്നാൽ മാതാപിതാക്കളുടേയും ഏകസഹോദരന്റെയും മരണം കുര്യാക്കോസിന്റെ സെമിനാരി ജീവിതത്തെ പ്രതിസന്ധിയിലാക്കി. വൈദിക ജീവിതം ഉപേക്ഷിച്ച് വീട്ടുകാര്യം നോക്കണമെന്നായി പിതൃസഹോദരൻ. ദൈവമാതാവിൽ ആശ്രയിച്ച കുര്യാക്കോസിന് വീണ്ടും സെമിനാരിയിലേക്ക് മടങ്ങുവാൻ സാധിച്ചു.1829 നവംബർ 29-ന് തന്റെ 24-ാം വയസിൽ പൗരോഹിത്യജീവിതമാരംഭിച്ചു. അവിടെ നിന്നങ്ങോട്ടുള്ള യാത്ര തീക്ഷ്ണതയേറിയതായിരുന്നു. തീക്ഷ്ണതയിലും അദ്ദേഹത്തിന്റെ സഭാധികാരികളോടുള്ള വിധേയത്വം വീരോചിതമായിരുന്നു. അതിരാവിലെ ഉണർന്ന് കൊന്തയും ജപങ്ങളും ചൊല്ലി ദിനചര്യ ആരംഭിച്ച കുര്യാക്കോസച്ചൻ ഇഗ്നേഷ്യസ് ലെയോളയുടെ ധ്യാനരീതിയിൽ മുഴുകി ഏറെ സമയം ദിവ്യസക്രാരിയുടെ മുമ്പിൽ ചിലവഴിച്ചിരുന്നു. തിരുകുടുംബത്തോടുള്ള ഭക്തിയും അന്യാദൃശമായിരുന്നു. ആശ്രമശ്രേഷ്ഠനായിരുന്ന കാലത്ത് ആശ്രമത്തിലെ അംഗങ്ങൾ നന്മയിൽ സമ്പന്നരായിരിക്കണമെന്ന് ഏറെ നിർബന്ധമായിരുന്നു. പാവങ്ങളെ പരിഹസിക്കുകയോ അവരെ ബുദ്ധിമുട്ടിക്കുകയോ ചെയ്യരുതെന്ന് അച്ചൻ പറയുമായിരുന്നു. സന്യാസാശ്രമങ്ങൾ പണിയാനാരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ കൈകൾ ശൂന്യമായിരുന്നെങ്കിലും ദൈവപരിപാലനത്തിലാ ശ്രയിച്ച അദ്ദേഹത്തിന്റെ കഠിനാദ്ധ്വാവും ക്ലേശവും ഇന്നും മാന്നാനത്തും (സി.എം.ഐ ആശ്രമം) കൂനമ്മാവിലും (സി.എം. സി മഠം) അദ്ദേഹത്തിന്റെ സ്മാരകമായി നിലകൊള്ളുന്നു.

1846-ൽ സുറിയാനി കത്തോലിക്കരുടെ ഇടയിലെ ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണ കേന്ദ്രവും മാന്നാനത്ത് സ്ഥാപിച്ചത് ചാവറയച്ചനാണ്. വിശ്വാസസംരക്ഷ

കനായ പിതാവ് 1853-ൽ സുറിയാനികത്തോലിക്കരുടേതായി ആദ്യത്തെ വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്ത് ആരംഭിച്ചു. 1854-ൽ പരിശുദ്ധാത്മാവിന്റെ അമലോത്ഭവം പ്രഖ്യാപിച്ചതിനു ശേഷം അമലോത്ഭവമാതാവിന്റെ നാമം മാന്നാനത്തെ സന്യാസാശ്രമത്തിനു നൽകി. 1866-ൽ സീറോമലബാർ സഭയിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസിനീ സഭ (സി.എം.സി) കൂനമ്മാവിൽ സ്ഥാപിക്കുവാൻ ബഹു. ലെയോപ്പോൾഡ് മിഷനറിയോടൊപ്പം നേതൃത്വമെടുത്തു. കേരളസഭയിലെ ആദ്യവികാരി ജനറാളായിരുന്ന പിതാവ് 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന നിയമം നടപ്പിലാക്കി. റോക്കോസ് ശീശ്മയ്ക്കെതിരെ പോരാടിസഭയെ സംരക്ഷിച്ചു. 1868 ൽ 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബനവീകരണ മാർഗ്ഗരേഖ ഉണ്ടാക്കിയ ചാവറപിതാവിന്റെ വിശുദ്ധ പദവി പ്രഖ്യാപനം ഈ കുടുംബവർഷത്തിൽതന്നെ എന്നത് ഏറെ സന്തോഷദായകമാണ്. മാമ്മോദീസായിലെ നൈർമല്യം ജീവിതകാലം മുഴുവൻ കാത്തു സൂക്ഷിക്കാനായെന്ന വെളിപ്പെടുത്തലായിരുന്നു ആ പുണ്യപിതാവിന്റെ ജീവിതത്തിന്റെ ആധികാരികമായ അന്തിമ മൊഴി. വാതഗ്രസ്ഥനായ ആ ധന്യാത്മാവ് തിരുപ്പാഥേയവും രോഗീലേപനവും സ്വീകരിച്ച് 1871 ജനുവരി 2-ന് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.

## ■വാഴ്ത്തപ്പെട്ട ഏവുപ്രാസ്യാമ്മ

ഏവുപ്രാസ്യാമ്മ ഭൂജാതയായത് ഇരിഞ്ഞാലക്കുട രൂപതയിലെ ഇടത്തുരുത്തിയിൽ പൊറിഞ്ചു, കുഞ്ഞേത്തി ദമ്പതികളുടെ അരുമസന്താനമായാണ്. മാമ്മോദീസാ നാമം റോസമ്മ എന്നായിരുന്നു. ഒൻപത് സഹോദരങ്ങളിൽ നാല് പേർ ചെറുപ്പത്തിലേ മരിച്ചു. ഏകസഹോദരിയും ബാല്യത്തിൽ അന്തരിച്ചു. സമ്പന്ന കുടുംബ സ്ഥിതിയിലാണ് റോസ വളർന്നുവന്നത്. എങ്കിലും ആരോഗ്യവതിയായിരുന്നില്ല. വാതവും പനിയും കൂടെപ്പിറപ്പായിരുന്നു.

അമ്മയോടൊപ്പം പള്ളിയിൽ പോകാനിഷ്ടപ്പെട്ടിരുന്ന റോസ സുകൃതങ്ങളും ത്യാഗങ്ങളും നിറഞ്ഞ കൊച്ചുമിടുക്കിയായി വളർന്നു വന്നു. കൂനമ്മാവിൽ ചാവറയച്ചൻ ആരംഭിച്ച സി.എം.സി സന്യാസിനികൾ റോസയുടെ വീട്ടിലുമെത്തി. റോസയെ മഠത്തിലേക്കയക്കാൻ വിസമ്മതിച്ചങ്കിലും സഹോദരിയുടെ അകാല മരണത്തെ തുടർന്ന് സമ്മതിച്ചു. തുടർന്ന് മഠം വക ബോർഡിംഗിൽ നിന്ന് സാമാന്യ വിദ്യാഭ്യാസം തേടി. രോഗപീഡകൾ അലട്ടിയെങ്കിലും അവളുടെ സത്സ്വഭാവം നിമിത്തം മഠത്തിൽ നിന്ന് പറഞ്ഞു വിടാൻ അധികാരികൾക്ക് മനസുവന്നില്ല. തിരുകുടുംബ ദർശനത്തിനുശേഷം അത്ഭുതകരമായി സുഖംപ്രാപിച്ച റോസമ്മ സന്യാസവ്രതം സ്വീകരിച്ച് ഏവുപ്രാസ്യാമ്മ എന്ന നാമം സ്വീകരിച്ചു. എല്ലാവരും ജോലിക്കായി പുറത്തുപോകുമ്പോൾ അവൾ മഠത്തിലെ ജോലികളിൽ വ്യാപൃതയായി.

പ്രാർത്ഥന ഏവുപ്രാസ്യാമ്മക്ക് ഭക്ഷണംപോലെ സ്വാദിഷ്ടമായിരുന്നു. ജോലിചെയ്യുമ്പോഴും പ്രാർത്ഥനാഭരിതമായിരുന്നു ആ മുഖം. രോഗികളെ ശുശ്രൂഷിക്കാൻ തൽപ്പരയായിരുന്ന ഏവുപ്രാസ്യാമ്മ അഞ്ചാറുമണിക്കൂർ അവരുടെ മുറിയിൽ നിന്ന നിൽപ്പിൽ നിൽക്കുമായിരുന്നു. ദാഹിച്ചു വലയുമ്പോൾ ഭക്ഷണസമയം വരെ കാത്തുനിൽക്കാൻ തന്നോടുകല്പിക്കുമായിരുന്നു. മറ്റുള്ളവരുടെ പ്രാർത്ഥനാപേക്ഷകൾ സ്വീകരിച്ചിരുന്ന അമ്മ എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ വരാന്തയിലെ തിരുഹൃദയരൂപത്തിനു മുമ്പിലൂടെ നടന്ന് കൊന്ത ചൊല്ലി തുടങ്ങും.

പല ദർശനങ്ങളും രോഗസൗഖ്യങ്ങളും അമ്മയുടെ പ്രാർത്ഥന വഴിയായി ജീവിതകാലത്തുതന്നെ സംഭവിച്ചിരുന്നു. മേനാച്ചേരി പിതാവ് അമ്മയുടെ ആത്മീയസ്ഥിതി എഴുതിയറിയിക്കാൻ ആവശ്യപ്പെട്ടു. പിതാവ് സൂക്ഷിച്ചുവച്ച ആ കത്തുകളാണ് പിന്നീട് വിശുദ്ധിയുടെ സാക്ഷ്യപത്രങ്ങളിലൊന്നായത്. ഏതു പ്രശ്നത്തിനും അമ്മ സാധാരണയായി നല്കിയിരുന്ന മരുന്ന് 9-9 എന്ന ഫോർമുലയാണ്. 9 കൊന്ത 9 ദിവസത്തേക്ക്. അത് ഫലപ്രദമാകുമായിരുന്നു. പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത് എന്നതായിരുന്നു അമ്മയുടെ സന്ദർശകർക്കുള്ള സന്ദേശം. റോക്കോസ് ശീശ്മയിലായിരുന്ന ചെറളയം ദേശത്തിനുവേണ്ടി അമ്മ ഏറെ പ്രാർത്ഥിച്ചിരുന്നു. 1952 ആഗസ്റ്റ് 29-ാം തീയതി അമ്മനിത്യതയിലേക്ക് പറന്നുയരുമ്പോൾ ചെറളയം മഠത്തിന്റെ പള്ളിമണി താനേമുഴങ്ങി. അമ്മയുടെ വിശുദ്ധിക്ക് നൂറ്റാണ്ടിനു മുൻപു തന്നെ സ്വർഗ്ഗം നൽകിയ സാക്ഷ്യം.

• • • • •

***സി.എം.ഐ സന്യാസ സഭയും സി.എം.സി സന്യാസിനീ സമൂഹവും തിരുസഭക്ക് നൽകിയ മണിമകുടങ്ങളാണ് വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്ന വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട ഏവുപ്രാസ്യാമ്മയും 2014 നവംബർ 23-ാം തിയതി ഇവർ വിശുദ്ധ ഗണത്തിലേക്ക് ഉയർത്തപ്പെടുമ്പോൾ ഭാരതസഭ മുഴുവനും അതിയായി സന്തോഷിക്കുന്നു. ഈ മഹനീയനിമിഷത്തിൽ സി.എം.ഐ, സി.എം.സി സമൂഹാംഗങ്ങൾക്ക് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഗോഡിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.***



# മാറുന്ന ലോകവും മാറാത്ത മൂല്യങ്ങളും



ഡോ. റൂബിൾ രാജ്

ലോകം മാറുന്നു എന്നത് വളർച്ചയുടെയും വികസനത്തിന്റെയും സൂചനയാണ്. ലോകത്തോടൊപ്പം ലോകരും മാറുന്നു എന്നത് നമ്മുടെ കൺമുമ്പിലെ ദൃശ്യസത്യമാണ്. ലോകത്തിന്റെ മാറ്റം നമുക്ക് ഉൾക്കൊള്ളാനാവും. എന്നാൽ അതിനൊപ്പം മാറരുതാത്തതായി നാം കരുതുന്ന മൂല്യങ്ങളും മാറിയാലോ? അത് ആശങ്കാജനകമാണ്.

ലോകത്തിലെ 21 ശ്രദ്ധേയമായ സംസ്കാരങ്ങളെക്കുറിച്ച് പഠിച്ച എഡ്വേർഡ് ഗിബ്ബൺ, അതിൽ 19 സംസ്കാരങ്ങളും അസ്തമിച്ചത് പുറത്തുനിന്നുള്ള ആക്രമണം കൊണ്ടല്ല; മറിച്ച് അകത്തുനിന്നുള്ള അപചയം കൊണ്ടാണ് എന്നു പറയുമ്പോൾ, ഉള്ളിലെ അചയത്തിന്റെ ശക്തി നമുക്ക് മനസ്സിലാവും. ഈ അപചയത്തിന് തടയിടാതെ, മൂല്യവത്തായ ലോകത്തിന് നിലനിൽപ്പില്ല.

ഇന്ന് ജീവിക്കുന്ന എല്ലാവരും തലമുറ വ്യത്യാസമില്ലാതെ പരിഭവം പറയുന്ന ഒരു കാര്യമാണ് മൂല്യങ്ങളുടെ ശോഷണവും മൂല്യബോധത്തിന്റെ അഭാവവും. ആധുനിക മനുഷ്യൻ എങ്ങനെയും വിജയിക്കണം എന്ന ചിന്തയിൽ ജീവിക്കുമ്പോഴും, അതിനായി എന്ത് മാർഗ്ഗവും സ്വീകരിക്കാമെന്ന് ധരിക്കുമ്പോഴും, ഉപേക്ഷിക്കപ്പെടുന്നത് മൂല്യങ്ങളാണ്. ഭൗതീകത്വര ആത്മീയതയെ പരാജയപ്പെടുത്തുമ്പോൾ നഷ്ടപ്പെടുന്നതും മൂല്യങ്ങളാണ്. ലക്ഷ്യം മാത്രമാണ് പ്രധാനം മാർഗ്ഗമല്ല എന്ന് ധരിക്കുമ്പോഴും വീഴ്ച സംഭവിക്കുന്നത് മൂല്യങ്ങൾക്കാണ്.

സ്വാർത്ഥതയും അതിരുകവിയുന്ന താൻപോരിമാഭാവവും ആധുനികന്റെ മുഖമുദ്രയാണ്. വളർച്ചമാത്രം പരിഗണിക്കുകയും സാമൂഹ്യനീതിയും മനുഷ്യാവകാശവും അവഗണിക്കപ്പെടുകയും ചെയ്യുന്ന ആഗോളീകരണ കാലത്ത് മൂല്യങ്ങൾക്ക് എന്ത് പ്രാധാന്യം എന്ന് സമൂഹത്തിലെ കൂടുതൽ പേരും ചിന്തിക്കുമ്പോൾ നാം അപകടം മണക്കണം.

പ്രഗത്ഭ എഴുത്തുകാരനായിരുന്ന എൻ.വി. കൃഷ്ണവാര്യർ വിലപിച്ചത് സത്യമായിരുന്നുവെന്ന് നാം ഇന്ന് മനസ്സിലാക്കുന്നു. അദ്ദേഹം എഴുതി :

“കാരണങ്ങളെന്തുമാകട്ടെ

ബാക്കിവല്ലതുമുണ്ടോ

നീതിപോയി നിയമം പോയി

ചിട്ടപോയി വഴക്കും പോയി

ബാക്കിവല്ലതുമുണ്ടോ”

അതേ, ബാക്കിവല്ലതുമുണ്ടോ? നാം തുടരണമെന്നും നിലനിൽക്കണമെന്നും ആഗ്രഹിച്ച പലതും ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. പിൻതലമുറയിൽ ഉണ്ടാവണമെന്ന് വാശിപിടിച്ച പലതും സ്വീകരിക്കപ്പെടാതെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ അവസ്ഥ തുടരുന്നത് അപകടമാണ്. മൂല്യങ്ങളുടെ അഭാവം മനുഷ്യനെ മൃഗീയനും രാക്ഷസനുമാക്കും. അതുവഴി അവന്റെ ആവാസവ്യവസ്ഥതന്നെ അപകടത്തിലാവും. ലോകം മാറിയാലും മാറാതെ നിൽക്കേണ്ട മൂല്യങ്ങൾ എന്തൊക്കെയാണ്? ഒരു കണക്കെടുപ്പ് അഭികാമ്യമാവും.



**1. മനുഷ്യത്വം**

മനുഷ്യനിൽ മറ്റെല്ലാ മൂല്യങ്ങളും അസ്തമിച്ചാലും, തെളിഞ്ഞുനിൽക്കേണ്ട ഒരു ഗുണമാണ് മനുഷ്യത്വം. ഇല്ലെങ്കിൽ പിന്നെ മനുഷ്യൻ എന്ന നാമം ധരിച്ചിട്ട് കാര്യമില്ല. നമ്മിൽ മനുഷ്യത്വം ഉണ്ടെന്ന് മേനി പറഞ്ഞിട്ട് കാര്യമില്ല. മറ്റുള്ളവർക്ക് അത് അനുഭവവേദ്യമാകണം.

**2. കരുണ, ദയ, ആർദ്രത**

മനുഷ്യന്റെ കണ്ണിൽനിന്ന് കരുണവറ്റിപ്പോകുന്നു എന്ന വിലാപം ഉയരുമ്പോൾ മറുപടി നൽകാൻ നമുക്ക് കടമയുണ്ട്. തിരുവുള്ളുവർ എഴുതി : 'കണ്ണിൽ കരുണയില്ലെങ്കിൽ, മുഖത്തുള്ളത് രണ്ട് കണ്ണല്ല രണ്ട് കിണ്ണമാണ്.' ചുറ്റുപാടും നമ്മുടെ കരുണയും ദയയും അർഹിക്കുന്ന ധാരാളം വ്യക്തികളുണ്ട്. അവർ നമ്മുടെ ഓർമ്മകളിൽ ഉണ്ടാവട്ടെ.

**3. ദൈവഭക്തി**

നമ്മുടെ സൃഷ്ടാവ് എന്ന നിലയിൽ ദൈവവുമായി നിരന്തര സമ്പർക്കത്തിലായിരിക്കുക ന്യായവും ഉചിതവുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ പരിധിക്കുള്ളിലായിരിക്കുക എന്നതാണ് കരണീയം. ഭൗതീകത ഏറുമ്പോൾ, ആത്മീയത കുറയും. ക്രമേണ ഉള്ളിലെ ദൈവം മരിക്കും. ഈ ദുരന്തത്തെക്കുറിച്ചാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത് 'ദൈവത്തിനു ഗ്രഹണം സംഭവിച്ച കാലമെന്ന്'. പുറത്തെ ലാഭം കുറഞ്ഞാലും ഉള്ളിലെ ദൈവം നഷ്ടപ്പെടാതെ നമുക്ക് നോക്കാം.

**4. ബഹുമാനം**

സ്വന്തം നേട്ടങ്ങളിൽ അകമഴിഞ്ഞ് അഹങ്കരിക്കുന്ന ആധുനിക മനുഷ്യന് മറ്റുള്ളവരോട് ബഹുമാനം കുറവാണ്. മുതിർന്നവർ, മാതാപിതാക്കൾ, അദ്ധ്യാപകർ ഇവരെല്ലാം നമ്മുടെ ബഹുമാനം അർഹിക്കുന്നവരാണ്. ഇവരാരും അവരുടെ പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം ലഭിച്ചവരല്ല. നാം അവർക്കു നൽകുന്ന ബഹുമാനമാണ് അവരുടെ പ്രതിഫലത്തിന്റെ മൂല്യംവർദ്ധിപ്പിക്കുന്നത്. മാതാപിതാക്കളെ ബഹുമാനിക്കുന്നതിനെക്കുറിച്ച്പ്രഭാഷകൻ പറയുന്നു: *"പിതാവിനെ ബഹുമാനിക്കുന്നവൻ പാപങ്ങൾക്കു പ്രായ്ചിത്തം ചെയ്യുന്നു. അമ്മയെ ബഹുമാനിക്കുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു."*

**5. രാജ്യസ്നേഹം**

ഒരു പൗരന് അത്യാവശ്യം ഉണ്ടായിരിക്കേണ്ട മൂല്യമാണ് രാജ്യസ്നേഹം. രാജ്യം എനിക്ക് എന്തു തന്നു എന്നതിന്റെ അടിസ്ഥാനത്തിലാകരുത് സ്നേഹം മറിച്ച്, അത് കടമയും, കർത്തവ്യവുമായി കണ്ട് സ്നേഹിക്കണം. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. എന്ത് നേട്ടത്തിനായാലും രാജ്യത്തെ ഒറ്റുകൊടുക്കാതെ, രാജ്യം തന്റേത് എന്ന മനോഭാവത്തോടെ സ്നേഹിക്കാൻ കഴിയണം.

കാലം മാറിയാലും മൂല്യം മാറാതിരിക്കട്ടെ. അവ നമ്മുടെ ജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകട്ടെ.



# മഴവില്ല്


**ഷിബി ജോസഫ്**
*(സാന്റ്റാ മരിയ ഭവൻ, അമ്മംകുളം)*


ഒരിക്കൽ ഒരു മാലാഖ ശ്രീക്കുട്ടിക്ക് പ്രത്യക്ഷപ്പെട്ടു. പിന്നീട് മാലാഖയും സ്കൂളിൽ പോകുന്ന ശ്രീക്കുട്ടിയും വലിയ കൂട്ടുകാരായി. മാലാഖ അന്ന് കഥ പറഞ്ഞു കൊടുത്തത് മഴവില്ലിനെക്കുറിച്ചായിരുന്നു.

അന്ന് വരെ കേട്ട കഥകളെക്കാൾ വളരെ ഇഷ്ടമായിരുന്നു ശ്രീക്കുട്ടിക്ക് ആ കഥകേൾക്കാൻ. പിന്നീട് മഴക്കുശേഷം പതിയെ മിഴിതുറക്കുന്ന പാതിവെയിലിൽ ആകാശനീലിമയിൽ പ്രത്യക്ഷമാകുന്ന മാരിവിൽശോഭ ശ്രീക്കുട്ടിയുടെ കുഞ്ഞു മനസിനെ സ്വർഗ്ഗത്തോളം ഉയർത്തി; കാരണം മാലാഖ പറഞ്ഞിരുന്നു സ്വർഗ്ഗത്തിൽ ഒരു പളുങ്കു കടലും അതിമനോഹരമായ മഴവില്ലും ഉണ്ടത്രേ!. അത്ഭുതകരമായ ആ കാര്യം മാലാഖ പറഞ്ഞുകൊടുത്തപ്പോൾ അവളുടെ വിടർന്ന മിഴികൾ കൂടുതൽ വലുതായി. വീണ്ടും മാലാഖ തുടർന്നു. ഓരോ മഴത്തുള്ളിക്കും അതിന്റേതായ മഴവില്ല് ഉണ്ടത്രേ. നാം കാണുന്ന ആ വലിയ മഴവില്ല് ഉണ്ടാകുന്നത് കോടാനുകോടി മഴത്തുള്ളികൾ ഒന്നിച്ചുചേരുമ്പോഴാണ്.

ഇതുപോലെയാണ്, നമ്മുടെ നന്മപ്രവർത്തികളും. ചെറിയവരും വലിയവരും ചെയ്യുന്ന ചെറുതും വലുതുമായ എല്ലാ പ്രവൃത്തികളും ശേഖരിച്ച് മാലാഖമാർ സ്വർഗ്ഗത്തിൽ എത്തിക്കുന്നു. ഇതാണ് സ്വർഗ്ഗത്തിലെ അതിമനോഹരമായ മഴവില്ലായി തെളിയുന്നത്. അപ്പോഴാണത്രേ സ്വർഗ്ഗത്തിലെ അതിമനോഹരമായ മഴവില്ല് കാണാൻ, നാമും യോഗ്യരാകുന്നത്.

# ഹൗ ഓൾഡ് ആർ യു..?



ഫാ. സോബി കന്നാലിൽ

ജീവിതത്തിലൊരിക്കലെങ്കിലും 'ഹൗ ഓൾഡ് ആർയു' എന്ന ചോദ്യം കേൾക്കാത്തവരായി ആരുംഉണ്ടാവില്ല. റോഷൻ ആൻഡ്രൂസ് സംവിധാനം നിർവഹിച്ച 'ഹൗ ഓൾഡ് ആർ യു' തിരശ്ശീലയിൽ തിളങ്ങിയതോടെ ഈ ചോദ്യത്തിന് പുതിയൊരു അർത്ഥതലം കൂടിയായി.

കൃത്യമായ പ്രായത്തെക്കാൾ മറ്റുള്ളവരോടുള്ള വെളിപ്പെടുത്തലിൽ പ്രായം കുറച്ചും ജീവിതശൈലികളിൽ പ്രായം കൂട്ടിയും ജീവിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ് നമ്മിൽ പലരും. ഒരു വയസാകുന്നതിനു മുമ്പേ ഓടിച്ചാടി നടക്കാനും വാചകമടിക്കാനും പഠിച്ചാൽ മലയാളി മക്കൾ 'സ്മാർട്ട് ചിൽഡ്രനാ'യി. പത്തുവയസ്സാകുന്നതിനു മുമ്പേ മാതാപിതാക്കൻമാരുടെ വരെ അദ്ധ്യാപകരാകാൻ വിജ്ഞാനം നേടിയാൽ അവർ 'എക്സ്ട്രാ ഓർഡിനറി'കളായി. പ്രായത്തിനപ്പുറത്തുള്ള പക്വതയായി ഈ പ്രകടനങ്ങളെല്ലാം കണക്കാക്കപ്പെടുകയും ചെയ്യും. എന്നാൽ ഈ പക്വതാലേബലുകാർ മുപ്പതുവയസാകുമ്പോഴേക്കും അറുപതിന്റെ ശൈലി സ്വന്തമാക്കുമ്പോഴാണ് 'പണിപാളു'ന്നത്.

കേരളത്തിലിന്ന് യുവവൃദ്ധരാണ് കൂടുതൽ. അതായത്, യുവശരീരവും വൃദ്ധമനസ്സും സ്വന്തമായുള്ളവർ. ഗവൺമെന്റ് ഓഫീസുകൾ മാത്രമല്ല നമ്മുടെ പല സ്ഥാപനങ്ങളും പള്ളിമുറികളും സന്യാസഭവനങ്ങളും പോലും ഇത്തരം മനോഭാവക്കാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. കാര്യശേഷിയുള്ളവർ പോലും നിസ്സംഗരായി ജീവിക്കുന്ന കാലഘട്ടം. കാര്യമായൊന്നും ഇനി ഈ ലോകത്തു ചെയ്യാനില്ല എന്നാണിവരുടെ വാദം. കൈയ്യിലൊരു റിമോട്ടും സമയാസമയങ്ങളിൽ ഭക്ഷണവും കിട്ടിയാൽ ഇവരുടെ ഒരു ദിവസം 'ഈസി'യായി നീങ്ങും. വാർദ്ധക്യത്തിലും യുവഹൃദയം സൂക്ഷിച്ച ജോൺ പോൾ രണ്ടാമൻ പാപ്പയേയും മദർ തെരേസയേയും ഈ അടുത്തകാലത്ത് യുവജനങ്ങളുടെ ഹൃദയം കവർന്ന ഫ്രാൻസിസ് പാപ്പയേയും പോലെയുള്ളവർ ഈ കാലഘട്ടത്തിന്റെ തന്നെ മാതൃകകളായി മുമ്പിൽ നിൽക്കുമ്പോഴും വിയർപ്പുപൊടിയാതെ അപ്പം ഭക്ഷിക്കുവാൻ ആഗ്രഹിക്കുന്നവരാണിവർ.

ജനിച്ചുവീഴുമ്പോൾ തന്നെ ഭാവിയെക്കുറിച്ചുള്ള 'ടെൻഷ'നാണ് ഇന്ന് ഓരോ മലയാളിയും മുലപ്പാലിലൂടെ നുണഞ്ഞിറക്കുന്നത്. പഠനകാലം മുഴുവൻ അവർക്കുമാത്രമല്ല മാതാപിതാക്കൾക്കും ടെൻഷന്റെ കാലഘട്ടം. ജോലിയിൽ കയറുന്നതോടെ ഒരു സ്ഥാപന



ത്തിന്റെ കൂടി ടെൻഷൻ സ്വന്തം തലയിലായി. കുടുംബ ജീവിതത്തിലേക്കു കാലെടുത്തുവയ്ക്കുമ്പോൾ മുതൽ മക്കളെക്കുറിച്ചുള്ള ടെൻഷനും സ്വന്തമായി. മേൽപ്പറഞ്ഞ 'ടെൻഷൻ സർക്കിളുകൾ'ക്കിടയിൽ ആകെയുള്ളൊരു ജീവിതം ശരിയായി ജീവിക്കാൻ തന്നെ മറന്നു പോകുന്നു പലരും.

'കുഴപ്പമില്ല' 'തരക്കേടില്ല' എന്നതിനപ്പുറത്തേക്ക് നന്മയെ പ്രോത്സാഹിപ്പിക്കാൻ മലയാള ഭാഷയിൽ 'വാക്ദാരിദ്ര്യം' അനുഭവപ്പെടുന്നുവെന്നതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. നാമൊട്ടു വളരുകയുമില്ല ആരെയും വളർത്തുകയുമില്ല. പകരം ആകെ സ്വന്തമായുള്ളത് അസൂയയും കുശുമ്പും അലസതയും മാത്രം.

ഇനിയും നാം നിഷ്ക്രിയരാവരുത്. ഓരോ ദിവസവും ഉറക്കച്ചടവിൽ നിന്നും പുലർക്കാലത്തിലേക്കുണരുമ്പോഴും പകൽ ജീവിതത്തിന്റെ നെട്ടോട്ടങ്ങൾക്കൊടുവിൽ നിദ്രയിലേക്ക് മടങ്ങുമ്പോഴും 'ഹൗ ഓൾഡ് ആർ യു' എന്ന ചോദ്യം അല്പനേരം ധ്യാനവിഷയമാക്കാം. നിങ്ങൾ ശക്തരാണ് (1യോഹ. 2:14) എന്ന് യുവജനങ്ങളോടുള്ള യോഹന്നാൻ ശ്ലീഹായുടെ ഉത്ബോധനം യുവത്വഹൃദയമുള്ളവർക്കെല്ലാം പ്രചോദനമാകട്ടെ.



# ഗുരു പൂജ

എം.ജെ.ജിൻസ് കാവാലി

അന്ധകാരത്തിന്റെ അപഥസഞ്ചാരികൾ
തമസിന്റെ പുതു പാതകൾ തുറന്നീടവേ
അറിയാതെ ഓർത്തീടുന്നു മനം
തപസാൽ വെളിച്ചം പകർന്ന ഗുരുക്കളെ

അറിവിൻ അനന്തപദങ്ങൾ തെളിച്ചവർ
വിദ്യയാൽ ഒരുപാട് മിഴികൾ തുറന്നവർ
സ്വാർത്ഥ ദുർമോഹങ്ങളില്ലാതെ നിസ്വരായ്
മർത്യഗണത്തിന് ഗുണോദാരരായവർ

നന്മതൻ വഴിയെ ചരിച്ചവർ അറിവിന്റെ
അഗ്നിയാൽ പുതുജ്ഞാനസ്നാനം പകർന്നവർ
ശിഷ്യഗണത്തിനുയർച്ചയിൽ സന്തോഷ-
ചിത്തരായ് സ്വന്തദു:ഖങ്ങൾ മറന്നവർ

വന്ദനം ഗുരുശ്രേഷ്ഠഗണമേ, സംപൂജ്യരേ
വന്ദനം കാലാതിവർത്തിയാം ജ്ഞാനമേ
വന്ദനം കാലം പകർന്ന പാഠങ്ങളേ
വന്ദനം മായാത്ത ഗുരുവചന പുണ്യമേ

അറിവിൻ മഹാസാഗരത്തിന്റെയോരത്ത്
അജ്ഞാനിയാണു ഞാനെങ്കിലും സാദരം
യുഗമേറെയായിപാടും ഗുരുപൂജകൾക്കിട
ക്കർപ്പണം ചെയ്യട്ടെ എൻ പാഴ്ത്തൂലിക.

എല്ലാ ഗുരുഭൂതർക്കും
അദ്ധ്യാപകദിനത്തിന്റെ
ആശംസകൾ.



# കൗമാരക്കാരുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ



**ബ്രദർ പയസ്കുട്ടി അഗസ്റ്റിൻ O.H**

*(ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്)*

കൗമാരം പ്രശ്നങ്ങളുടെയും സംഘർഷങ്ങളുടെയും വെല്ലുവിളികളുടെയും മാററങ്ങളുടെയും കാലമാണ്. ശാരീരികവും മാനസികവുമായ നിരവധി മാററങ്ങൾ ഈ കാലത്ത് സംഭവിക്കുന്നുണ്ട്. ശാരീരിക വളർച്ചപോലെതന്നെ പ്രധാനപ്പെട്ടതാണ് അവരുടെ മാനസിക പരിവർത്തനവും അതിന്റെ വളർച്ചയുമെല്ലാം. മനുഷ്യായുസിലെതന്നെ ഏററവും സങ്കീർണ്ണമായ കാലഘട്ടമാണ് ഇത്. ബാല്യത്തിനും യൗവ്വനത്തിനും ഇടയിലുള്ള സംഘർഷ ഭരിതമായ ഒരു പരിണാമ ദിശ. 11 മുതൽ 19 വയസ്സു വരെയുള്ളകാലഘട്ടമാണ് കൗമാരപ്രായമായി കണക്കാക്കപ്പെടുന്നത്.

മുതിർന്ന ആളുകളെപ്പോലെ ചിന്തിക്കാനുള്ള കഴിവ്, ശരീരത്തിൽ മുതിർന്ന ആളുകളുടെ പോലെയുള്ള മാറ്റങ്ങൾ ഇവയെല്ലാം ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ബുദ്ധി വളർച്ചയിലും ലൈംഗിക വളർച്ചയിലും സാമൂഹികമായിട്ടുള്ള കാഴ്ചപ്പാടിലും ഈ സമയം മാറ്റങ്ങളുണ്ടാകുന്നു. ആശയങ്ങളുടേയും അഭിലാഷങ്ങളുടേയും അമിതാവേശത്തിന്റെയും കാലഘട്ടമാണിത്. ചിന്താക്കുഴപ്പം, എതിർപ്പ്, പകൽക്കിനാവുകൾ, പ്രേമം, പ്രേമഭംഗം, ഒരേ സമയം നായകനും രക്തസാക്ഷിയുമാകാനുള്ള വ്യഗ്രത, ധാർമ്മിക രോഷം ഇവയെല്ലാം ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. ഈ പ്രായത്തിൽ കുട്ടി എന്ന പരിഗണനയോ മുതിർന്നയാൾ എന്ന പരിഗണനയോ കൗമാരക്കാർക്ക് കിട്ടുകയില്ല. രണ്ടിന്റേയും ഇടയിലുള്ള ഒരു അവസ്ഥ. ഇതുണ്ടാക്കുന്ന ഒരു സംഘർഷമാണ് പലപ്പോഴും ഈ പ്രായത്തിൽ കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങളും മാനസിക പ്രശ്നങ്ങളുമായി പുറത്തു വരുന്നത്.

കൗമാര പ്രായമെത്തിയ കുട്ടികൾ കൂടുതൽ സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നവരാണ്. മാതാപിതാക്കളുടെ വളരെക്കൂടുതലായിട്ടുള്ള ഇടപെടലുകൾ കൗമാരപ്രായമെത്തുമ്പോൾ കുട്ടികളിൽ മാതാപിതാക്കളുമായി അല്ലെങ്കിൽ വീട്ടുകാരുമായി സംഘർഷങ്ങൾ ഉടലെടുക്കുന്നതിന് കാരണമാകുന്നു. അപകടങ്ങളും വെല്ലുവിളികളും നിറഞ്ഞ പ്രവൃത്തികളിൽ (Risk taking behavior) ഏർപ്പെടാനുള്ള പ്രവണത ഇവരിൽ കൂടുതലായുണ്ട്. തനിക്ക് അപകടമൊന്നും വരില്ല എന്നൊരു ധാരണ ഈ പ്രായത്തിൽ കുട്ടികൾക്കുണ്ടാവുക സ്വാഭാവികമാണ്. ഞാൻ മറ്റുള്ളവരിൽ നിന്നും വ്യത്യസ്ഥനാണ് അല്ലെങ്കിൽ വ്യത്യസ്ഥയാണ്, എനിക്ക് എന്തും സഹിക്കാനുള്ള കഴിവുണ്ട്, അപകടം നിറഞ്ഞ പ്രവൃത്തികളിൽ ഏർപ്പെട്ടാലും എനിക്കൊന്നും സംഭവിക്കില്ല എന്നൊക്കെയുള്ള ധാരണകൾ ഈ പ്രായത്തിലുള്ള കുട്ടികൾക്ക് ഉണ്ടാകാം. ലഹരി ഉപയോഗിക്കുന്നതിനും പുകവലി തുടങ്ങുന്നതിനും ലൈംഗിക പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും കൂടിയ വേഗത്തിൽ വാഹനങ്ങൾ ഓടിക്കുന്നതിനും കുട്ടികളെ പ്രേരിപ്പിക്കുന്ന ഇത്തരം ധാരണകൾ പലപ്പോഴും അവരെ അപകടത്തിലെത്തിക്കുന്നു. ഈ പ്രായത്തിൽ കുട്ടികൾക്ക് തങ്ങളുടെ അസ്തിത്വം (Identity) സ്ഥാപിച്ചെടുക്കാനുള്ള വ്യഗ്രതയും കൂടുതലായി കാണാം. ആൺകുട്ടികളാണെങ്കിൽ താൻ ആൺകുട്ടിയാണ് എന്ന് കാണിക്കാനുള്ള ഒരു വ്യഗ്രതയും സമൂഹത്തിൽ താൻ എങ്ങനെയൊക്കെ പെരുമാറണം എന്നൊരു ധാരണയും അവരിലുണ്ടാകും. ആ രീതിയിൽ അവർ പെരുമാറും. പുകവലിയും മദ്യപാനവുമൊക്കെ ഇത്തരംധാരണയുടെ ഫലമായും താൻ വലുതായി എന്ന് കാണിക്കാൻ വേണ്ടിയും ചെയ്യുന്നതാണ്. പെൺകുട്ടിയാണെങ്കിൽ വസ്ത്രധാരണത്തിലൂടെയും അണിഞ്ഞൊരുങ്ങലിലൂടെയുമൊക്കെ താൻ പെൺകുട്ടിയാണെന്ന് കാണിക്കാൻ ശ്രമിക്കും.

കൗമാരക്കാരായ കുട്ടികളുടെ മാനസികാവസ്ഥക്കുണ്ടാകുന്ന മാറ്റങ്ങൾ (Mood variations) വളരെ സാധാരണമാണ്. സങ്കടമുള്ള അവസ്ഥ, സന്തോഷമുള്ള അവസ്ഥ,

വിഷാദരോഗങ്ങൾ ഇവയൊക്കെ ഈ പ്രായത്തിന്റെ പ്രത്യേകതകളാണ്. ഈ പ്രായത്തിൽ കുട്ടികളുടെ ശരീരത്തിലുണ്ടാകുന്ന ഹോർമോണുകളുടെ ഏറ്റക്കുറച്ചിലാണ് ഇവക്കു കാരണം. അദ്ധ്യാപകരുടേയും ടി വി താരങ്ങളുടേയും സിനിമാ താരങ്ങളുടേയും കൂട്ടുകാരുടേയുമൊക്കെ സ്വാധീന വലയത്തിൽ പെട്ട് കുടുംബത്തിൽ നിന്നും മാറി തങ്ങളുടേതായ ഒരു ധാർമ്മിക മൂല്യം ഉണ്ടാക്കിയെടുക്കുന്ന പ്രായമാണ് കൗമാരം. തങ്ങൾ ആരാധിക്കുന്ന വ്യക്തിത്വങ്ങളുമായിട്ട് താദാത്മ്യപ്പെടാനുള്ള (Identification) പ്രവണതയും അവരുടെ പ്രവൃത്തികൾ സ്വന്തം ജീവിതത്തിൽ പകർത്താനുള്ള ഒരു ത്വരയും വളരെ കൂടുതലായിരിക്കും.

ലൈംഗിക ചൂഷണത്തിനും ലൈംഗിക പീഡനത്തിനും വിധേയരാകുന്നത് പലപ്പോഴും കൗമാരപ്രായത്തിലുള്ള കുട്ടികളാണ്. ഇത്തരം അവസ്ഥകളിലേക്ക് കൗമാരക്കാർ ചെന്നുപെടുന്നതിനുള്ള ഒരു പ്രധാന കാരണം ശരിയായ വിധത്തിലുള്ള ലൈംഗിക വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കാത്തതുകൊണ്ടാണ്. തങ്ങളുടെ ശരീരത്തിലും മനസിലും ഉണ്ടാകുന്ന രീതിയിലുള്ള മാറ്റത്തെ കുറിച്ച് കുട്ടികൾ അവബോധമുള്ളവരായിരിക്കണം. എതിർ ലിംഗത്തിൽപ്പെട്ടവരുമായുള്ള ആകർഷണം ഈ പ്രായത്തിൽ വളരെ സാധാരണമാണ്. മസ്തിഷ്കത്തിന്റെ വളർച്ചയുടെ ഫലമായുണ്ടാകുന്നതാണ് ഈ മാറ്റം. പക്ഷേ മനസിനേയും വികാരങ്ങളേയും നിയന്ത്രിക്കാനുള്ള കഴിവ് കുട്ടികൾക്കുണ്ടാവണം. അതില്ലാതെ വരുമ്പോഴാണ് പലപ്പോഴും ലൈംഗിക ചൂഷണത്തിലേക്ക് അവർ ചെന്നുപെടുന്നത്. വികാരത്തെക്കാൾ വിവേകത്തിനായിരിക്കണം ജീവിതത്തിൽ സ്ഥാനം കൊടുക്കേണ്ടത്.

കൗമാര പ്രായം വിവിധ തരത്തിലുള്ള സമ്മർദ്ദങ്ങളുടെ കാലമാണ്. പരീക്ഷയെ സംബന്ധിച്ചും ശാരീരിക വ്യതിയാനങ്ങളെക്കുറിച്ചും തന്റെ സാമൂഹിക അസ്തിത്വത്തെക്കുറിച്ചുമുള്ള ഉത്കണ്ഠകൾ കൗമാരക്കാർക്കുണ്ട്. മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സമ്മർദ്ദം കൂടിയാകുമ്പോൾ കുട്ടികളിൽ അമിതമായ മാനസിക സമ്മർദ്ദങ്ങൾ ഉണ്ടാവുകയും പഠനം ഒരു ഭാരമായി കുട്ടിക്ക് അനുഭവപ്പെടുകയും ചെയ്യും. അതു പലപ്പോഴും മാനസിക രോഗങ്ങളിലേയ്ക്കും പെരുമാറ്റ പ്രശ്നങ്ങളിലേയ്ക്കും വഴിതെളിയുന്നു. ജനിതക കാരണങ്ങളാലോ മാനസിക സമ്മർദ്ദങ്ങളാലോ മാനസിക രോഗങ്ങൾ പ്രത്യക്ഷപ്പെടാം. വിഷാദരോഗങ്ങൾ (Depression) സ്കിസോഫ്രീനിയ (Schizophrenia) O.C.D (Obsessi Compulsive Disorder) ഉത്ക്കണ്ഠാ രോഗങ്ങൾ (Anxiety Disorders) ഇവയൊക്കെ തുടങ്ങുന്നത് പലപ്പോഴും കൗമാരകാലത്താണ്. ശരിയായ മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിംഗും ഫലപ്രദമായ ചികിത്സയും വഴി ഇവയെ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

## മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- കുട്ടികൾ കൗമാര പ്രായമെത്തുമ്പോൾ അവർ വലുതായി എന്ന് അംഗീകരിക്കാനുള്ള ഒരു മനസ്ഥിതി രക്ഷിതാക്കൾക്കുണ്ടാവണം. ഒരു പരിധിവരെ അവർക്ക് സ്വാതന്ത്ര്യം അനുവദിക്കുകയും അതോടൊപ്പം തന്നെ രക്ഷിതാക്കളുടെ ഒരു നിയന്ത്രണം ഉണ്ടാകുകയും വേണം.

- കൗമാരക്കാരുടെ ശാരീരികവും മാനസികവുമായ ഊർജ്ജത്തെ കൂടുതൽ ഗുണകരമായി വിനിയോഗിക്കുന്നതിന് മാതാപിതാക്കൾ കുട്ടികളുടെ കലാപരവും കായികപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്.

- കുട്ടികളുടെ പ്രധാന അദ്ധ്യാപകൻ അവരുടെ മാതാപിതാക്കൾ തന്നെയാണ്. കുട്ടികൾക്ക് ധാർമ്മികവും മാനുഷികവും ആദ്ധ്യാത്മകവുമായ മൂല്യങ്ങൾ സ്വജീവിതത്തിലൂടെ പകർന്ന് കൊടുക്കേണ്ടവരാണ് അവരുടെ മാതാപിതാക്കൾ.

- വീട്ടിൽ നടക്കുന്ന ഓരോ സംഭവങ്ങളും കുട്ടികളുടെ മനസിൽ ചലനങ്ങൾ സൃഷ്ടിക്കുമെന്ന് അറിയുക. അതിനാൽ കടുത്ത സംഘർഷമുളവാക്കുന്ന അന്തരീക്ഷം വീട്ടിൽ ഒഴിവാക്കുക.

- കൗമാരത്തിലെ ലൈംഗികാകർഷണം സ്വാഭാവികമാണെന്നും അത് താല്കാലികമാണെന്നും ഹൃദയം കൊണ്ട് സ്നേഹിക്കാനും ബുദ്ധികൊണ്ട് തീരുമാനം എടുക്കാനും മനസുകൊണ്ട് ഒന്നാകാനും കഴിയുന്ന പ്രായത്തിൽ മാത്രമേ വിവാഹത്തെക്കുറിച്ച് തീരുമാനം എടുക്കാവൂ എന്നും അതിന് മാത്രമെ നിലനിൽപ്പൊള്ളൂ എന്നും അവരെ പഠിപ്പിക്കുക.



# മാതൃപരിപാലന വി. ജോൺ ഓഫ് ഗോഡിന്റെ ജീവിതത്തിൽ





സി. ജീന സേവ്യർ

ജീവിതത്തിന്റെ പ്രഭാതത്തിൽ തന്നെ ഈശോയുടെ വിളി ശ്രവിച്ച ജോൺ അതു പൂർണ്ണമായും മനസ്സിലാക്കുവാൻ നീണ്ട നാല്പതു വർഷങ്ങൾ കാത്തിരുന്നു. ദൈവത്തെ തേടിയുള്ള ഈ യാത്രയിൽ സ്വന്തം മാതാപിതാക്കൻമാരെയും ബന്ധുജനങ്ങളെയും ഉപേക്ഷിച്ചു. തന്നെക്കുറിച്ചുള്ള ദൈവഹിതം അദ്ദേഹം തിരിച്ചറിഞ്ഞതു വളരെ വൈകിയാണെങ്കിലും ആ യാത്ര മുഴുവനും പരിശുദ്ധമറിയത്തോടൊപ്പമായിരുന്നു. അതുകൊണ്ടാണ് പരിശുദ്ധമറിയത്തെപ്പോലെ ദൈവഹിതത്തിന് ആമ്മേൻ പറയുവാൻ അദ്ദേഹത്തിനു സാധിച്ചത്. ജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെ മാതാവിനോടൊത്ത് അദ്ദേഹം സഞ്ചരിച്ചു. വിശുദ്ധന്റെ ജനന വേളയിൽ മാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ നിന്നും മധുരമായ സംഗീതനാദം ഉയർന്നുവെന്നൊരു ഐതിഹ്യമുണ്ട്.

വി. ജോൺ ഓഫ് ഗോഡിന് തന്റെ ആദരാത്മകശുശ്രൂഷയിലേക്കുള്ള ദൈവവിളിയെപ്പറ്റി കൃത്യമായ ദർശനം ലഭിച്ചത് ഗാഡലുപെയിലെ ദൈവാലയത്തിൽവച്ച് പരിശുദ്ധ അമ്മയിൽ നിന്നായിരുന്നു. മാതാവിന്റെ പ്രത്യേക സംരക്ഷണം അദ്ദേഹത്തിന് എപ്പോഴും ലഭിച്ചിരുന്നു. പല അപകടങ്ങളിൽ നിന്നും മാതാവിന്റെ സംരക്ഷണത്താൽ അദ്ദേഹം രക്ഷപെട്ടതായി ജീവചരിത്രം സാക്ഷിക്കുന്നു. അദ്ദേഹത്തിന്റെ കത്തുകളെല്ലാം ഈശോയുടേയും മാതാവിന്റെയും നാമത്തിൽ ആരംഭിക്കുന്നവയായിരുന്നു. ബെസ്വായിലെ പ്രഭിക്ക് എഴുതിയ കത്തിൽ, ദൈവത്തിന്റെ മാതാവും മാലാഖമാരുടെ രാജ്ഞിയും മാനവകുലത്തിലെ രക്ഷിക്കപ്പെട്ട ആദ്യത്തെ സ്ത്രീയുമായിരുന്നിട്ടും തന്റെ അനുദിന ജീവിതത്തിൽ തുന്നൽ പണി ചെയ്തും ദിവസം മുഴുവൻ അദ്ധ്വാനിച്ചും ജീവിച്ചിരുന്ന പരിശുദ്ധ കന്യകയെ അനുകരിക്കുക എന്ന് ആഹ്വാനം ചെയ്യുന്നു.

അദ്ദേഹം തന്റെ മാതൃസ്നേഹം പ്രകടമാക്കിയത് പരിശുദ്ധ കന്യകയുടെ മാതൃക അനുകരിച്ചു കൊണ്ടും മറ്റുള്ളരെ അതിനു പ്രേരിപ്പിച്ചു കൊണ്ടുമായിരുന്നു. കൂടാതെ സാധിക്കുന്നത്ര ജപമാല ചൊല്ലി അമ്മയുടെ മാദ്ധ്യസ്ഥ്യവും അദ്ദേഹം തേടിയിരുന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ 'കൊന്ത' എനിക്കു വളരെ സഹായകമായിരുന്നു. ദൈവം അനുവദിക്കുന്നതത്രയും എനിക്കു സാധിക്കുമ്പോഴെല്ലാം ഞാൻ അതു ചൊല്ലുന്നതാണ്'.

ഗ്രാനഡായിലെ ദിവ്യകാരുണ്യനാമത്തിലുള്ള കത്തീഡ്രലിൽ ക്രൂശിതനായ മിശിഹായുടെ തലയിലിരുന്ന മുൾക്കിരീടം എടുത്തു മാതാവ് അദ്ദേഹത്തിന്റെ തലയിൽ വച്ചുകൊടുത്തു എന്ന് വിശ്വസിക്കപ്പെടുന്നു. ഈ മുൾക്കിരീടം ഇപ്പോഴും സംരക്ഷിക്കപ്പെടുന്നുണ്ട്.

ഈശോയുടെ പീഡാനുഭവ ദിവസമായിരുന്ന വെള്ളിയാഴ്ചയുടേയും മാതാവു പ്രത്യക്ഷപ്പെട്ട ദിവസമായ ശനിയാഴ്ചയുടെയുമിടക്ക് തന്റെ ഈ ലോകജീവിതം പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കണ

മെന്നായിരുന്നു വിശുദ്ധന്റെ ആഗ്രഹവും പ്രാർത്ഥനയും. പരിശുദ്ധ അമ്മ മരണസമയത്ത് അദ്ദേഹത്തിന്റെ വിയർപ്പു തുള്ളികൾ തുടച്ചു മാതൃസഹജമായ സ്നേഹം ചൊരിഞ്ഞ് ആശ്വസിപ്പിക്കുകയും തന്റെ ആത്മീയ മക്കളെ സംരക്ഷിച്ചു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും രോഗികളും അവരുടെ ഉപകാരികളും എന്നും എന്റെ സംരക്ഷണയിലാണെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു. വിശുദ്ധന്റെ ആഗ്രഹം സഫലീകരിച്ചു കൊണ്ട് വെള്ളിയാഴ്ചയുടെ അവസാനത്തിലും ശനിയാഴ്ചയുടെ ആരംഭത്തിലുമായിട്ടായിരുന്നു അദ്ദേഹം മരിച്ചത്.

വിശുദ്ധ അൽഫോൻസ് ലിഗോരി ഇപ്രകാരം എഴുതിയിരിക്കുന്നു. വി. ജോൺ ഓഫ് ഗോഡ് തന്റെ മരണ സമയമായപ്പോൾ മാതാവിന്റെ വരവിനായി കാത്തിരുന്നു. നേരത്തെ തന്നെ മാതാവ് വരാതിരുന്നതിൽ അദ്ദേഹം ഒത്തിരി നിരാശപ്പെടുകയും വിഷമിക്കുകയും ചെയ്തു. എന്നാൽ സമയമായപ്പോൾ മാതാവ് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. തന്റെ പുത്രന്റെ വിശ്വാസക്കുറവിനെ ചൂണ്ടിക്കാണിച്ചു കൊണ്ട് തന്റെ ഭക്തരെയെല്ലാം ചിന്തിപ്പിക്കുന്ന വിധത്തിൽ മാതാവ് അദ്ദേഹത്തോടു പറഞ്ഞു : “ജോൺ ഇങ്ങനെയുള്ള നിമിഷത്തിൽ എന്റെ മക്കളെ കൈവിടുക എന്നത് എന്റെ പതിവല്ല. നീ വിചാരിക്കുന്നുവോ, നിന്നെ ഞാൻ ഉപേക്ഷിച്ചുവെന്ന്?, നിനക്ക് അറിയില്ലേ, എന്റെ ഭക്തരെ തങ്ങളുടെ മരണസമയത്ത് ഞാൻ സഹായിക്കുമെന്ന്. നേരത്തെ ഞാൻവന്നില്ല. കാരണം അപ്പോൾ സമയം അടുത്തിരുന്നില്ല. ഇപ്പോൾ സമയമായി. ഞാൻ നിന്നെ കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുന്നു. നമുക്കൊരുമിച്ചു പറുദീസായിലേക്കുപോകാം”. ഇതുകഴിഞ്ഞ് ഏതാനും നിമിഷങ്ങൾക്കകം ജോൺ അന്ത്യശ്വാസമെടുക്കുകയും മാതാവിനോടു കൂടെ സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെടുകയും ചെയ്തു.

വി. ജോൺ ഓഫ് ഗോഡ് തന്റെ പ്രിയമക്കൾക്കു കൈമാറിയിരുന്ന വലിയ ദാനമാണ് മരിയ ഭക്തി. രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് തങ്ങളുടെ ജീവിതത്തിൽ സവിശേഷമായ ഒരു സ്ഥാനം നൽകുന്ന, സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹം ഈ മരിയഭക്തി മറ്റ് എന്തിനെക്കാളും വിലപിടിപ്പുള്ള ഒരു നിധിയായി ഇന്നും കാത്തുസൂക്ഷിച്ചു പോരുന്നു.

• • • •

## സെപ്റ്റംബർ 29
## വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ
# മാലാഖമാരുടെ തിരുനാൾ



### വി. റഫായേൽ

തിന്മയ്ക്കെതിരെ നാം ഏർപ്പെട്ടിരിക്കുന്ന യുദ്ധത്തിൽ നമുക്ക് ഏൽക്കുന്ന ആദ്ധ്യാത്മിക മുറിവുകളെ തൈലം പൂശി സുഖപ്പെടുത്തുന്നു.



### വി. ഗബ്രിയേൽ

സാത്താന്റെ കുരുക്കിനെതിരെ, അതായത് നമ്മെ ദുർബലരാക്കുകയും ക്ഷീണത്തിലേക്കും സംശയത്തിലേക്കും നയിക്കുകയും ചെയ്ത നിരാശയെന്ന കെണിക്കെതിരെ സമരം ചെയ്യുകയും ദൈവശക്തി അണിയിച്ചു കൊണ്ട് പ്രതീക്ഷയിൽ വളർത്തുകയും ചെയ്യുന്നു.




### വി. മിഖായേൽ

സ്വർഗ്ഗീയവും ഭൗതീകവുമായ സൈന്യത്തിന്റെ മുമ്പിൽ നിൽക്കുന്ന വി. മിഖായേൽ പിശാചൊരുക്കുന്ന എല്ലാ കെണികളിൽ നിന്ന് നമ്മെ രക്ഷിക്കുകയും തിന്മയിൽ നിന്ന് നമ്മെ കാക്കുകയും ചെയ്യുന്നു.

# കുടുംബം നന്മയുടെ ഉറവിടം



സി. ആൻസ് മരിയ

ക്രൈസ്തവ വിശ്വാസത്തിന്റെ ഉറവിടങ്ങളിലേയ്ക്കിറങ്ങി, അണഞ്ഞുപോയ, വിശ്വാസവെളിച്ചത്തെ ഊതികത്തിച്ച വിശ്വാസവർഷത്തിൽ നൂറുകണക്കിന് കുടുംബങ്ങളിലേയ്ക്ക് കടന്നു ചെല്ലുവാൻ സാധിച്ചു. വിശ്വാസത്തിന്റെ മങ്ങിയ വെളിച്ചവുമായി ജീവിതം തള്ളിനീക്കുന്ന എത്രയോ വ്യക്തികളും കുടുംബങ്ങളുമാണുള്ളത്.

"കൂടുമ്പോൾ ഇമ്പം ഉള്ളതാണ് കുടുംബം" എന്നു പറയുമെങ്കിലും ഈ കൂടൽ അതായത് ഐക്യം ഇല്ലാതായിരിക്കുന്നു. സമ്പത്തിനും പ്രശസ്തിക്കും വേണ്ടിയുള്ള നെട്ടോട്ടത്തിനിടയിൽ ആവശ്യം വേണ്ട പലതും ഇന്ന്പലരും മറന്നുപോകുന്നു. ദേവാലയവും കൂദാശകളും ഉപേക്ഷിച്ച് നിരീശ്വരവാദികളായി കഴിയുന്നവർ, മദ്യത്തിനും മയക്കു മരുന്നിനും അടിമപ്പെട്ട്പണം സമ്പാദിക്കാനുള്ള വ്യഗ്രതയിൽ വിശ്വാസജീവിതം ഉപേക്ഷിച്ചു കഴിയുന്ന കുടുംനാഥന്മാർ, നീറുന്ന ജീവിതപ്രശ്നങ്ങൾക്കും ഭർത്താവിന്റെ ദുഃശ്ശീലങ്ങൾക്കും മക്കളുടെ തന്നിഷ്ട സ്വഭാവങ്ങൾക്കുമിടയിൽ നീറിക്കഴിയുന്ന അമ്മമാർ; ധാരാളം അലച്ചിലുകൾക്കും ദുരിതങ്ങൾക്കുമൊടുവിൽ മക്കളുടെ വേണ്ടവിധത്തിലുള്ള സ്നേഹവും ശ്രദ്ധയും പരിഗണനയും ലഭിക്കാതെ ഇരുനിലവീടിന്റെ പിന്നാമ്പുറത്ത് കുടിൽ കെട്ടികഴിയുന്ന വൃദ്ധ മാതാപിതാക്കന്മാർ; ചീത്തകൂട്ടുകെട്ടുകൾക്കും നൂതന സംസ്കാരങ്ങൾക്കും അടിമപ്പെട്ട് ജീവിതം നശിപ്പിക്കുന്ന യുവതലമുറ. നിറഞ്ഞ പ്രതീക്ഷകളോടെ മക്കളെ വളർത്തിവലുതാക്കുമ്പോൾ വൈദികസമർപ്പണ ജീവിതത്തെക്കുറിച്ചോ ത്യാഗപൂർണ്ണമായ ജീവിതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചോ പുതുതലമുറയെ ബോദ്ധ്യപ്പെടുത്താൻ മറന്നുപോകുന്ന പഴയ തലമുറ... ഇങ്ങനെയാണ് ഇന്നത്തെ സംസ്കാരം.

ഈ വർഷം കുടുംബവർഷമായി തിരുസഭ ആചരിക്കുമ്പോൾ കുടുംബങ്ങളിലേയ്ക്ക് കടന്നുചെന്ന്, വ്യക്തികളെ ആഴമായ വിശ്വാസത്തിലേയ്ക്ക് നയിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. രോഗം, കടബാധ്യത, അസമാധാനം ഇവയൊക്കെ കുടുംബങ്ങളെ തകർക്കുമ്പോൾ വിശ്വാസത്തോടെ ദൈവത്തിലേയ്ക്ക് തിരിയാൻ അവരെ പഠിപ്പിക്കേണ്ടതുണ്ട്. സാത്താൻ ഉപയോഗിക്കുന്ന മൂർച്ചയേറിയ ആയുധമായ നിരാശയ്ക്ക് അടിമപ്പെട്ട് വിശ്വാസത്തിൽ നിന്നകലുന്നവരെ പ്രതീക്ഷയുടെ തീരത്തേയ്ക്കടുപ്പിക്കാൻ നമുക്കൊക്കെ കഴിയണം. തകർച്ചകളിൽ മനോധൈര്യം നഷ്ടപ്പെടുത്താതെ പ്രാർത്ഥനയിൽ അഭയം തേടിയ നമ്മുടെ പൂർവ്വികരും ഇന്നും പ്രാർത്ഥനയുടെ ജീവിതം നയിക്കുന്ന ഒരു ചെറിയ ഗണവും നമുക്കൊക്കെ മാതൃകയാവണം. ഒരിറ്റു കഞ്ഞിയോ അതിന്റെ വെള്ളമോ ഒക്കെ അത്താഴമാക്കി കിടന്നുറങ്ങുന്നതിനു മുമ്പ് അറിയാവുന്ന നമസ്കാരങ്ങളൊക്കെ മുട്ടിന്മേൽ നിന്നുചൊല്ലി ദൈവം കാത്തുകൊള്ളും എന്ന് സമാധാനിച്ച് മുന്നോട്ടു നീങ്ങിയ അവരുടെയൊക്കെ ജീവിതം ഇന്നത്തെ തലമുറയ്ക്ക് പ്രചോദനമാകട്ടെ.

ഈ കാലഘട്ടത്തിൽ കുടുംബങ്ങളിലേയ്ക്കും വ്യക്തികളിലേയ്ക്കും കടന്നു ചെല്ലാനായിട്ട് നമുക്ക് ലഭിക്കുന്ന അവസരങ്ങൾ നിരവധിയാണ്. പ്രത്യേകിച്ച് കുടുംബകൂട്ടായ്മകൾ, ഭവനസന്ദർശനങ്ങൾ, വിവിധ സംഘടനകൾ ഇവയ്ക്കൊക്കെ നമ്മുടെ ജീവിതത്തിൽ മുൻതൂക്കം കൊടുക്കാൻ തയ്യാറായാൽ വിശ്വാസവെളിച്ചം നമ്മിലൂടെ മറ്റുള്ളവരിലേയ്ക്ക് പകരുവാൻ നമുക്ക് കഴിയും. ഈ വിധം ഞാൻ പ്രവർത്തിക്കും എന്ന ദൃഢപ്രതിജ്ഞ നമുക്ക് ഓരോരുത്തർക്കും എടുക്കാം.

പരി. അമ്മയെപ്പോലെ സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ ബഹു. ബ്രദർ ഫോർത്തൂനാത്തൂസിനെപ്പോലെ മറ്റുള്ളവരുടെ വേദനകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അവരെ ആശ്വസിപ്പിക്കാം. നമ്മലാവുംവിധം അവരെ സഹായിക്കാം. അങ്ങനെ നമ്മിലൂടെ കുടുംബങ്ങൾ നവീകരിക്കപ്പെടട്ടെ. അതുവഴി നല്ല ദൈവവിളികളും ലക്ഷ്യബോധമുള്ള തലമുറയും രൂപപ്പെടട്ടെ. വിശ്വാസത്തിൽ അടിയുറച്ച ക്രിസ്തീയ കുടുംബങ്ങൾ രൂപപ്പെടുന്നതിനായി പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും പാതയിലൂടെ തിരുസഭയോടൊത്തുള്ള യാത്ര നമുക്ക് തുടരാം. ഈ കുടുംബവർഷം അതിനുള്ള വേദിയായി തീരട്ടെ.

• • • •

# Friends of St. John of God







ഇന്ത്യയുടെ 68-ാം സ്വാതന്ത്ര്യ ദിനത്തിൽ, ദേശഭക്തിഗാനവും കരഘോഷവുമായി അണക്കര സെന്റ് മേരീസ് ഫൊറോനാ ദേവാലയ മുറ്റത്ത് ദേശീയ പതാക ഉയർന്നു പൊങ്ങിയപ്പോൾ ആ ത്രിവർണ്ണ പതാകയുടെ തണലിൽ, വേദനിക്കുന്ന മക്കൾക്ക് സ്നേഹത്തിന്റെ, സേവനത്തിന്റെ, സൗഹൃദത്തിന്റെ, വർണ്ണപ്പകിട്ടേകാൻ " TO LOVE AND SERVE "എന്ന മുദ്രാവാക്യവുമായി Friends of St. John of God എന്ന യുവസംഘടന രൂപം കൊണ്ടിരിക്കുകയാണ്. വി. ജോൺ ഓഫ് ഗോഡിന്റെ ചൈതന്യം വളരെ ചെറുപ്പത്തിൽ തന്നെ തന്റെ ഹൃദയത്തെ സ്പർശിച്ച ബ്രദർ വിനോദ് കുന്നപ്പള്ളി യുടെ മനോമുകരത്തിൽ വിരിഞ്ഞ സ്വപനങ്ങൾ ആണ് കാഞ്ഞിരപ്പള്ളി രൂപതയിലെ അണക്കര സെന്റ് മേരീസ് ഇടവകയിൽ യാഥാർത്ഥ്യമായത്. അവൾക്കും അവനും ഒരു വിശുദ്ധനോ, വിശുദ്ധയോ അച്ചനോ സിസ്റ്ററോ ആകാമെങ്കിൽ ഒരു അൽമായനായ എനിക്ക് എന്തുകൊണ്ട് ഈ സേവനം ചെയ്തുകൂടാ എന്ന ആവേശമാണ് ഈ പ്രേക്ഷിത തീഷ്ണതക്കു പിന്നിലുള്ളത്. അണക്കര ഫൊറോന പള്ളിയുടെ വികാരിയായ ബഹുമാനപ്പെട്ട ഫാ. വിൽഫി തെക്കേവയലിന്റെ ശക്തമായ നേതൃത്വത്തിൽ 50 ഓളം വരുന്ന യുവജനങ്ങളാണ് വി. ജോൺ ഓഫ് ഗോഡിന്റെ ചൈതന്യം സ്വന്തമാക്കി സാമൂഹിക സേവനത്തിനായി മുന്നിട്ടിറങ്ങിയിരിക്കുന്നത്. 2014 ഓഗസ്റ്റ് 15-ന് പതാക ഉയർത്തുകയും തുടർന്ന് ദിവ്യബലിയർപ്പിക്കുകയും ചെയ്തത് ബഹുമാനപ്പെട്ട ഫാ. ഫ്രാൻസിസ് മണ്ണാപറമ്പിൽ OH ആണ്. വെള്ളയും നീലയും കലർന്ന യൂണിഫോമും എംബ്ലവും സ്കാർഫും ധരിച്ച്, കത്തോലിക്കാ സഭയിലെ ഉദയസൂര്യനായ ഫ്രാൻസിസ് പാപ്പായെപ്പോലെ സമൂഹത്തിന്റെ താഴേക്കിടയിൽ കഴിയുന്നവരിലേക്ക് സേവനത്തിനായി കൈകോർക്കുന്ന ഈ യുവതിയുവാക്കൾക്കും വിൽഫിയച്ചനും സെന്റ് ജോൺ ഓഫ് ഗോഡ് സമൂഹത്തിന്റെ ഹൃദ്യമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നതോടൊപ്പം എല്ലാവിധ സഹകരണങ്ങളും ഉറപ്പുനൽകുകയും ചെയ്യുന്നു. അതോടൊപ്പം അനേകായിരങ്ങൾ ഈ സംരഭത്തിലേയ്ക്ക് കൈകോർക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

• • • •

# സഭാവാർത്തകൾ

## 2015 സമർപ്പിത ജീവിത വർഷം



സി. നിർമ്മല കുര്യാക്കോസ്

ആഗോള കത്തോലിക്കാ സഭ 2015 സമർപ്പിത ജീവിത വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ആഘോഷത്തിന് ആധാരമായി മൂന്നു കാര്യങ്ങളാണ് തിരുസഭ എടുത്തു പറയുന്നത്.

**1. നന്ദിയോടെ കഴിഞ്ഞ 50 വർഷങ്ങൾ സ്മരിക്കുക.**
**(Gratefully Remember the recent past.)**

സന്യാസജീവിതം – Perfectae Caritatis എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി തയ്യാറാക്കിയിട്ട് ഈ 2015 ൽ 50 വർഷം തികയുകയാണ്. കഴിഞ്ഞ 50 വർഷമായിട്ട് സമർപ്പിത ജീവിതം തിരുസഭയ്ക്ക് അനുഗ്രഹത്തിന്റെ ഉറവിടമായിരുന്നു. നമ്മുടെ ബലഹീനതയേയും അവിശ്വസ്തതയേയും മറികടന്ന് ദൈവത്തിന്റെ കാരുണ്യവും സ്നേഹവും വിവിധ ഭാവങ്ങളിലും രൂപങ്ങളിലും തിരുസഭയിൽ സമൃദ്ധമായി ചൊരിഞ്ഞതിനെ നന്ദിപൂർവ്വം അനുസ്മരിക്കുക എന്നതാണ് സമർപ്പിത വർഷത്തിന്റെ ഒന്നാമത്തെ ലക്ഷ്യം.

**2. ഭാവിയെ പ്രത്യാശയോടെ ആശ്ലേഷിക്കുക.**
**(Embrace the future with hope.)**

നമുക്കെല്ലാവർക്കും അറിയാം, വർത്തമാനകാലം ഏറെ ബുദ്ധിമുട്ടുകളും വെല്ലുവിളികളും നിറഞ്ഞതാണെന്ന്. സഭയും സമൂഹവും നേരിടുന്ന ഈ പ്രതിസന്ധി സമർപ്പിതജീവിതത്തെയും ബാധിക്കുന്നു എന്നത് ഒരു നഗ്ന യാഥാർത്ഥ്യമാണ്. പക്ഷെ ഇത് മരണത്തിന്റെ മണിമുഴക്കമായി തീർക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇതിനെ വളർച്ചയുടെ അവസരമായി തീർക്കുവാനും, സഭയിൽ നിന്ന് സമർപ്പിത ജീവിതം ഒരിക്കലും അപ്രത്യക്ഷമാകുകയില്ല എന്ന പ്രത്യാശ നൽകുവാനുമാണ്. കാരണം സഭയിൽ നിന്ന് ഒഴിവാക്കാനോ മാറ്റി നിർത്തുവാനോ സാധിക്കാത്ത വിധം അതിന്റെ അവിഭാജ്യ ഘടകമായിട്ടാണ് ഈശോ സമർപ്പിതജീവിതത്തെ സ്ഥാപിച്ചുറപ്പിച്ചിരിക്കുന്നത്.

**3. വർത്തമാനകാലം പ്രതീക്ഷാപൂർവ്വം ചൈതന്യപൂർണ്ണമായി ജീവിക്കുക.**
**(Live the present passionately)**

നമ്മുടെ വിളിയിലെ പ്രധാനപ്പെട്ട നിമിഷങ്ങളും ഈശോയെ അനുഗമിക്കുന്നതിന്റെ സൗന്ദര്യത്തിന് സാക്ഷ്യം വഹിക്കുന്ന അനുഭവവും നമ്മുടെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന അവസരങ്ങളാക്കിമാറ്റുവാൻ സാധിക്കും. നമ്മുടെ സ്ഥാപകർ സാക്ഷ്യം വഹിച്ച വിവിധ രീതികളെ സ്വാംശീകരിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുക വഴിയാണ് ഇത് സാധിക്കുക.

സമർപ്പിത വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 2014 നവം. 21–ാം തീയതി വത്തിക്കാനിൽ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ പരി. പിതാവ് നിർവഹിക്കും. അതിനോടനുബന്ധിച്ച് Congregation for institutes of consecrated life and societies of Apostolic life–ന്റെ പ്ലീനറി അസംബ്ലിയും നടത്തും. ഇതിന്റെ വിഷയം The novum in consecrated life beginning from vatican II എന്നതാണ്.

2014 നവംബർ 21–ന് ബ്രദർ ഫോർത്തൂനാത്തൂസിന്റെ സ്വർഗ്ഗപ്രവേശന ദിനത്തിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്ന സമർപ്പിത വർഷം പുതിയ തുടക്കത്തിന്റെ, നവീകരണത്തിന്റെ കാലമായി മാറട്ടെ. ആഗോളകത്തോലിക്കാ സഭ വിഭാവനം ചെയ്യുന്നതുപോലെ സ്ഥാപകപിതാക്കളുടെ സാക്ഷ്യത്തിന് പ്രവാചക ശബ്ദത്തോടെ സാക്ഷ്യം വഹിച്ചുകൊണ്ട് ലോകത്തെ ഉണർത്തുവാൻ നമുക്കു സാധിക്കട്ടെ.

• • • • • • •

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് &
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്





സേവനത്തിന്റെ ചുവടുകൾ
ജീവിതത്തിന്റെ താളമാക്കിക്കൊണ്ട്
ഭാരതമണ്ണിൽ നന്മ വിതയ്ക്കാനും,
ചെറിയവരുടെ കണ്ണീർ ഒപ്പുവാനുമായി,
വിദേശത്തുനിന്നും വന്നെത്തിയ
ബ്രദർ ഫോർത്തുനാത്തൂസിന്റെ
ഉൾകാഴ്ചയായ ഓരോ രോഗിയും
ക്രിസ്തുനാഥനും, രോഗിശയിക്കുന്ന
കിടക്ക അൾത്താരയുമാണെന്നുള്ളത്
ഉൾവിളിയായി സ്വീകരിച്ചുകൊണ്ട് -
ചെറിയവരിൽ ഈശോയെ ദർശിക്കാൻ...

ശുശ്രൂഷയുടെ ജീവിതമർപ്പിക്കാൻ
നിങ്ങളും വരുന്നോ?

എങ്കിൽ എഴുതുക



**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും
സ്വാഗതം**


Vocation Promoter
Brothers of St. John of God
P.B. NO: 2, Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 9495506576, 9961012247

Vocation Promoter
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

മുക്കുറ്റിയും തുമ്പയും തേടി തൊടിയിലും പാടത്തും അലഞ്ഞിരുന്ന പൊയ്യ്പ്പോയ കാലത്തിന്റെ സുവർണ്ണ സ്മരണകളുമായി ഓണം വരവായി. പകിട്ടാർന്ന പൂക്കളങ്ങളും പാറിപ്പറക്കുന്ന ചിത്രശലഭങ്ങളും മിഴി വേകുന്ന ഈ ചിങ്ങപ്പുലരിയിൽ ചെറിയ പിണക്കങ്ങളും ഒട്ടേറെ ഇണക്കങ്ങളുമായി കടന്നുപോയ കഴിഞ്ഞകാലം നമുക്കോർമ്മിക്കാം... ഓർമ്മയുടെ അനേകായിരം അതിരുകൾക്കപ്പുറത്തെങ്ങോ പൂവിളികളുണരുന്ന പുലരികളും, ഓണത്തുമ്പികൾ പാറിപ്പറക്കുന്ന പകലുകളും, പുഷ്പസുഗന്ധിയായ സന്ധ്യകളും, ഓണനിലാവിൽ ഊഞ്ഞാൽപ്പാട്ടുകളൊഴുകുന്ന രാവുകളും, മൂടൽമഞ്ഞിലെന്നപോലെ തെളിയുകയാണ്. പ്രകൃതിയിൽ സപ്തസ്വരങ്ങൾ സംഗീതമായി പെയ്യ്തൊഴിയുമ്പോൾ ചിങ്ങപ്പുലരിയിലെ പൊന്നോണനാളിനെ നിലവിളക്കിന്റെ പരിശുദ്ധിയും തുമ്പപ്പൂവിന്റെ നൈർമല്യവുമായി നമുക്ക് വരവേൽക്കാം.

## ഏവർക്കും
## ഹൃദയം നിറഞ്ഞ
## തിരുവോണാംസൾ.





Printed and Published by Sisters of Charity of St. John of God, P.B. No. 2, Kattappana South P.O., Idukki - 685515, Kerala.
Tel : 04868 272744, E-mail : generalatekpna@gmail.com, Web : .www. scjg.in
Design & Printing : SR Graphics, KTM. Tel: 0481 2301142